കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

2017-2018

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

e-mail:lfadekm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)
നം.കെ എസ് എ-ഇ കെ എം (പി 11) 2329/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in
തീയതി.17.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്- 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ എസ് എ-ഇ കെ എം (പി 11) 2329/2018. തീയതി.17.12.2018

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത് – 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജയ.സി.ആർ<br>ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുംതസ്തിക വിവരവും |
|---|---|
| 05.11.2018മുതൽ 16.11.2018 വരെ | ശ്രീമതി.ഷേർളി പീറ്റർ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.സി.സി.ജ്യോതിമോൻ,<br>ഓഡിറ്റ് ഓഫീസർ<br>ശ്രീ.പ്രസാദ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.സന്തോഷ്, സീനി.ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.മിനി എൽദോ | 01.04.2017മുതൽ 31.03.2018 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. റ്റി.കെ സന്തോഷ് | 1.4.2017- മുതൽ 31.03.2018 വരെ |

.

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.പി സി സോമശേഖരൻ | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വികസന കാര്യം | ശ്രീമതി. അംബിക പ്രകാശ് | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. എൻ.വി ബാബു | 01.04.2017മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ / വിദ്യാഭ്യാസ കാര്യം | ശ്രീമതി . ആനി കുഞ്ഞുമോൻ | 01.04.2017മുതൽ 31.03.2018 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ഇന്ദു.ബി | 01.04.2017മുതൽ 31.10.2017വരെ |
| | | ശ്രീമതി.സിമി.എസ് | 1.11.17മുതൽ 31.3.18വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ടി.ആർ. ഷേർളി | 01.04.2017മുതൽ 31.03 2018വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സ്മിതജോസ് | 01.04.2017മുതൽ 31.03.2018 വരെ |
| 4 | വി.ഇ.ഒ, കരിയാട് | സുധ.എം.എ | 01.04.2017മുതൽ 31.03 2018വരെ |
| 5 | വി.ഇ.ഒ , മേക്കാട് | ജിസ്സ.ടി.ദിനകരൻ | 01.04.2017മുതൽ 31.03 2018വരെ |
| 6 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നെടുമ്പാശ്ശേരി | ഡോ.ബെറ്റി ആന്റണി | 01.04.2017 മുതൽ 31.03.2018 വരെ |
| 7 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ദീപ്തി | 01.04.2017മുതൽ 31.03.2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ലത.ജി | 01.04.2017മുതൽ 31.03.2018 വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.ടി.സന്തോഷ് | 01.04.2017മുതൽ 31.03.2018വരെ |

| | | | |
|---|---|---|---|
| 10 | അസി. എൻജിനീയർ | ശ്രീമതി.സീജ.കെ.കെ | 01.04.2017 മുതൽ 31.03.2018വരെ |
| 11 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.സജീവ്കുമാർ | 01.04.2017 മുതൽ 31.03.2018വരെ |

.

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-12 | |
| | ഭാഗം 2 | | |
| 2 | ഒ എഫ് സി കേബിൾ ഇടുന്നതിനുള്ള റോഡ് കട്ടിങ്ങ് ചാർജ് ഈടാക്കിയതിൽ നഷ്ടം | 2-1 | |
| 3 | വസ്തു നികുതി-അപാകത | 2-2 | |
| 4 | തൊഴിൽ നികുതി-അപാകതകൾ | 2-3 | |
| 5 | ഡി & ഒ ലൈസൻസ്-അപാകതകൾ | 2-4 | |
| 6 | വാടക വരവ്-അപാകതകൾ | 2-5 | |
| 7 | റോഡ് കട്ടിങ്ങ് ഫീ-അപാകത | 2-6 | |
| 8 | പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അമൃതം യൂണിറ്റ് -വാടക ഈടാക്കുന്നില്ല. | 2-7 | |
| 9 | ഇ.എം.എസ് ഭവനപദ്ധതി നീക്കിയിരിപ്പ്-ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല. | 2-8 | |
| | ഭാഗം 3 | | |
| 10 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- എ.എം.സി | 3-1 | |
| 11 | പുതിയ വഴിവിളക്കുകൾ സ്ഥാപിക്കൽ ലേബർ ചാർജ്ജ്/ഇൻസ്റ്റലേഷൻ ചാർജ്ജ് നൽകൽ. | 3-2 | |
| 12 | എ.ബി.സി പ്രോഗ്രാം | 3-3 | |
| 13 | പഞ്ചായത്ത് ഓഫീസിലേക്ക് ഫർണീച്ചർ വാങ്ങൽ. | 3-4 | |
| 14 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ. | 3-5 | |
| 15 | റോഡ് റീടാറിംഗ് അധിക നിരക്ക് നൽകി. | 3-6 | |

| | | | |
|---|---|---|---|
| 16 | ഐഡിയ സെല്ലുലാർ -റോഡ് റീസ്റ്റോറേഷൻ തനതു ഫണ്ടിൽ നിന്ന് നൽകി | 3-7 | |
| 17 | മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-8 | |
| 18 | തെരുവ് വിളക്ക് ചാർജ് | 3-9 | |
| 19 | പി.എച്ച്.സി യിലേക്ക് മരുന്ന് മുഴുവൻ ലഭ്യമായില്ല | 3-10 | |
| 20 | തടിയുടെ വിനിയോഗവിവരം അറിയിക്കണം | 3-11 | |
| 21 | എസ്.സി വനിതകൾക്ക് വിവാഹ ധനസഹായം | 3-12 | |
| 22 | ഗ്രോബാഗ് കൃഷി-അപാകതകൾ | 3-13 | |
| 23 | പദ്ധതി ആസൂത്രണം -അവലോകനം | 3-14 | |
| 24 | ഗുണഭോക്തൃതെരെഞ്ഞെടുപ്പിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. | 3-15 | |
| | ഭാഗം 4 | | |
| 25 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-9 | |
| 26 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 | |
| 27 | ബാലൻസ്ഷീറ്റ് | അനുബന്ധം-2 | |
| | റസീപ്റ്റ് &പെയ്മെന്റ് സ്റ്റേറ്റ്മെന്റ് | | |
| | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | | |



.

## ഭാഗം 1

## പൊതു അവലോകനം

# 1-1. ബജറ്റ്

. 2017-18 വർഷത്തെ ബജറ്റ് 27/03/2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 287204607 | 289828200 |
| വാർഷിക കണക്ക് പ്രകാരം | 105050638 | 96472217 |

ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.

2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.

3.പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 1.06.2018 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | അക്കൌണ്ട്സ് പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|
| 2017-18 | 12.6.2018, 13.6.2018 | KSA-EKM (PG) 1786/(36)/ 18/30.8.2018 |

.

## 1-4 സാമ്പത്തിക വിശകലനം

.

| | |
|---|---|
| മുന്നിരിപ്പ് | 36472809 |
| വരവ് | 105050638 |

| | |
|---|---|
| ആകെ | 141523447 |
| ചെലവ് | 96472217 |
| നീക്കിയിരിപ്പ് | 45051230 |

.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | ലാപ്സായ തുക | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 00 | 17254447 | 17254447 | 14799757 | 2454690 | 00 |
| വികസന ഫണ്ട് (എസ്.സി.പി) | | 00 | 15488980 | 15488980 | 11523979 | 3965001 | 00 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 00 | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 00 | 11122123 | 11122123 | 11045687 | 76436 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 00 | 5079497 | 5079497 | 4771064 | 308433 | 00 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | | 00 | 7083573 | 7083573 | 7068353 | 15220 | 00 |
| പെർഫോമൻസ് ഗ്രാന്റ് | | | 5291691 | 5291691 | 3063720 | 2227971 | 00 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | | 1650 | 923420 | 925070 | 916647 | 00 | 8423 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | | 13414253 | 11042000 | 24456253 | 9848386 | 00 | 14607867 |
| ദുരിതാശ്വാസ നിധി | | 132409 | 72059 | 204468 | 125594 | 00 | 78874 |
| ആശ്രയ UBI | | 2599 | 314 | 2913 | 00 | 00 | 2913 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | ബ്ലോക്ക് | 305000 | 384000 | 689000 | 319741 | 00 | 369259 |
| | ജില്ലാ പഞ്ചായത്ത്/അദർ ഗവ. ഗ്രാന്റ് | 161863 | 770181 | 932044 | 498662 | 00 | 433382 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | ജലനിധി | 1001863 | 37319 | 1039182 | 00 | 00 | 1039182 |
| | ICDS | 242488 | 680613 | 923101 | 318542 | 00 | 604559 |
| | ടോട്ടൽ സാനിട്ടേഷൻ | 118043 | 105000 | 223043 | 105000 | 00 | 118043 |
| | ശുചിത്വമിഷൻ വേസ്റ്റ് മാനേജ്മെന്റ് | 285000 | 856928 | 1141928 | 1006928 | 00 | 135000 |
| | സാക്ഷരത | 5754 | 292020 | 297774 | 292020 | 00 | 5754 |
| ബി ഫണ്ട് | | 00 | 55468920 | 55468920 | 55468920 | 00 | 00 |
| ഇ- റെസീപ്റ്റ് | | 746142 | 147786 | 893928 | 00 | 00 | 893928 |
| തനത് ഫണ്ട് | | 20055745 | 37311718 | 57367463 | 30613417 | 00 | 26754046 |
| ക്യാഷ് (തനത്) | | 00 | 00 | 00 | 00 | 00 | 00 |
| ആകെ | | 36472809 | 169412589 | 205885398 | 151786417 | 9047751 | 45051230 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 297 | 105055600 | 246 | 72287747 | 47 | 4 | 246, 82.8 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1650 | 923420 | 925070 | 916647 | 8423 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 14584442 | 14584442 | 14584442 | 00 |
| ആകെ | 1650 | 15507862 | 15509512 | 15501089 | 8423 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9720 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 4726200 | 440 |
| വിധവാപെൻഷൻ | 14953500 | 1302 |
| വാർദ്ധക്യകാലപെൻഷൻ | 31414500 | 2743 |
| വികലാംഗപെൻഷൻ | 3436200 | 313 |
| വിവാഹധനസഹായം | 120000 | 4 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 783800 | 70 |
| നെല്ലുൽപാദക ബോണസ്സ് | 25000 | 64 |

.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.2018ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32316/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ്

സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നില്ല. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2. ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല.

3.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെന്ന് പറയുന്നതല്ലാതെ നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

5. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

8. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

9. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.9.2018 | 8/18—9/18 | 25.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.7.2014 | 2009-10-2013-14 | 31.5.2018 |

.

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. കെ.എസ്.ഇ.ബി, യിലേക്ക് നിക്ഷേപ പ്രവൃത്തികൾക്ക് നൽകുന്ന തുകകൾ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കുന്നതിനു മുമ്പു തന്നെ സ്ഥിരം ആസ്തികൾക്കുള്ള ശീർഷകത്തിൽ ചേർത്തിരിക്കുന്നു.
2. മുൻ വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളിൽ പ്രവൃത്തി പൂർത്തിയാക്കിയവ ആസ്തിയാക്കി മാറ്റിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുക ഇപ്രകാരം ക്രമീകരിച്ചിട്ടില്ല.

.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഒ എഫ് സി കേബിൾ ഇടുന്നതിനുള്ള റോഡ് കട്ടിങ്ങ് ചാർജ് ഈടാക്കിയതിൽ നഷ്ടം

20-7-2017ലെ അജണ്ട 6, തീരുമാനം നം.2 പ്രകാരം 14-ാം വാർഡ് മൂത്തമന കുഴിപ്പള്ളം റോഡിൽ ഐഡിയ സെല്ലുലാർ കമ്പനി OFC (കേബിൾ) ഇടുന്നതിനായി കുഴിച്ച ട്രെഞ്ച് പൂർവ്വസ്ഥിതിയിൽ ആക്കാതെ ഇട്ടതിനാൽ മഴ തുടങ്ങിയതോടെ അപകടമുണ്ടാകുന്നു എന്നതിനാൽ കുഴി മൂടാനും ,ഇതിനുള്ള ചെലവ് ഐഡിയ സെല്ലുലാർ കമ്പനി പഞ്ചായത്തിൽ റോഡ് കട്ടിംഗ് ചാർജ്ജ് ഇനത്തിൽ അടച്ച തുകയിൽ നിന്നും ചെലവഴിക്കാനും തീരുമാനിച്ചിട്ടുണ്ട്.

1. ഐഡിയ സെല്ലുലാർ കമ്പനിക്ക് 2-12-16ൽ പഞ്ചായത്ത് നൽകിയ അനുമതിയിൽ (എ3-6616/16) 'റോഡ് മുറിച്ച അന്നേ ദിവസം തന്നെ പൂർവ്വ സ്ഥിതിയിൽ ആക്കേണ്ടതും, അല്ലാത്ത പക്ഷം ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും താങ്കൾ ഉത്തരവാദിയായിരിക്കും' എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. തീയതി രേഖപ്പെടുത്താത്ത കരാറിലും ഇതേ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അനുമതി നല്കി ഏതാണ്ട് 6 മാസത്തിനു ശേഷവും ട്രെഞ്ച് മൂടിയിട്ടില്ല എന്ന് മേൽ കമ്മറ്റി തീരുമാനത്തിൽ നിന്നും വ്യക്തമാണ്. കൂടാതെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കി എന്ന് എ.ഇ. 21-5-17 ൽ എൻ.ഒ.സി.നൽകിയിട്ടുണ്ട്.എന്നാൽ ഇതേ റോഡ് പൂർവ്വസ്ഥിതിയിലാക്കാൻ 34,100/-രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

2. പഞ്ചായത്ത് അതിർത്തിയിൽ 1400മീറ്റർ, 200മീറ്റർ എന്നിങ്ങനെ 1600 മീറ്റർ നീളത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിനാണ് സ്ഥാപനത്തിന് അനുമതി നൽകിയത്.എ.ഇ. കണക്കാക്കി നൽകിയ നിരക്കനുസരിച്ചാണ് 4,37,126/-രൂപ ഈടാക്കിയിരിക്കുന്നത്.1എം$^2$ ന് 1521 രൂപ നിരക്കിൽ 1600മീറ്റർ ഒപ്റ്റിക്കൽ ഫൈബർകേബിൾ പെർമിറ്റ് ഫീസ് 24,33,600/- രൂപയാണ് ഈടാക്കേണ്ടത്.GO No.CE/R&B /GL/6682/06 Dtd.18-3-2013 of CE,PWD R7b.Tvm. എന്ന ഉത്തരവ് പ്രകാരമാണ് തുക ഈടാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ഉത്തരവിൽ .50 മീറ്ററും, അതിലധികവുമുള്ള ട്രെഞ്ചിങ് വീതി 1.5 ഇരട്ടിയായി കണക്കാക്കേണ്ടതും,ഏറ്റവും കുറവ് 1മീറ്റർ ആയി നിജപ്പെടുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ഈടാക്കേണ്ടിയിരുന്നത്

1600m x1 m=1600 $m^2$

1521x 1600$m^2$= 2433600/- രൂപയാണ്.എന്നാൽ ഈടാക്കിയിരിക്കുന്നത് 4,37,126/ രൂപയാണ്. ഈയിനത്തിൽ 1996474/--രൂപ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്.നഷ്ടമായ തുക ,നിരക്ക് കണക്കാക്കി നല്കിയ അസി.എഞ്ചിനീയറിൽ നിന്നൊ ഐഡിയ സെല്ലുലാർ കമ്പനിയിൽ നിന്നൊ ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഐഡിയ സെല്ലുലാർ 4,37,126/ രൂപ അടവാക്കിയത് രസീത് നം. 116045-00158/ 04-11-2016ചെക്ക്/ഡി.ഡി.നം 462410/2-11-2016 പ്രകാരമാണ്. വരവ് നഷ്ടം ഉണ്ടായത് 2016-17ലാണെങ്കിലും, പഞ്ചായത്തിനുണ്ടായ നഷ്ടം വലിയൊരുതുകയാണ്,ആയതിനാൽ നഷ്ടം ഐഡിയ സെല്ലുലാറിൽ നിന്നുതന്നെ ഈടാക്കാൻ ശ്രമിക്കേണ്ടതാണ്.

.

## 2-2 വസ്തു നികുതി-അപാകത

2016-17-സാമ്പത്തികവർഷം വസ്തു നികുതി കുടിശ്ശികയായി ലഭിയ്ക്കാനുണ്ടായിരുന്ന തുകയിൽ Prior period incomes എന്ന ഹെഡിൽ 179485/-രൂപ റസിഡൻഷ്യൽ വസ്തു നികുതി എന്ന ഇനത്തിലും 7066545/-രൂപ നോൺറസിഡൻഷ്യൽ വസ്തു നികുതി എന്ന ഇനത്തിലും എഴുതിത്തള്ളിയതായി കാണുന്നു. അതേ സമയം 13-11-2018-ലെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള Suspected Report പ്രകാരം വസ്തു നികുതി ഇനത്തിൽ 7643 എൻട്രികളിലായി ആകെ 12673993/-രൂപ വസ്തു നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു. ഇത് ധനകാര്യപത്രിക പ്രകാരമുള്ള വസ്തു നികുതി വരവുകൾ കൃത്യമായി പ്രതിഫലിക്കുന്നില്ല എന്ന് വ്യക്തമാക്കുന്നു. ഇത്തരത്തിൽ വസ്തു നികുതി Suspected എന്ന ഇനത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി വരവിൽ നിന്നി ഒഴിവാക്കിയതിനുള്ള കാരണം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ ഈ അപാകതകൾക്ക് കാരണം സഞ്ചയ സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതിനാലാണെന്നും സഞ്ചയയിൽ നടന്നുവരുന്ന "പ്യൂരിഫിക്കേഷൻ" പൂർത്തിയായാൽ അപാകതകൾ പരിഹരിയ്ക്കപ്പെടും എന്നും അറിയിച്ചു. ആയതിനാൽ 2017-18 വർഷം സഞ്ചയ സോഫ്റ്റ് വെയർപ്രകാരമുള്ള തൻവർഷ വസ്തുനികുതി ഡിമാന്റിന്റേയും കുടിശ്ശിക വസ്തുനികുതി ഡിമാന്റിന്റേയും കൃത്യത പരിശോധിച്ച് ഉറപ്പാക്കേണ്ടതും വസ്തു നികുതി പ്യൂരിഫിക്കേഷൻ എത്രയും വേഗം പൂർത്തീകരിയ്ക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 2-3 തൊഴിൽ നികുതി-അപാകതകൾ

2017 -18 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജീവനക്കാരുടെ തൊഴിൽ നികുതി

പൂർണ്ണമായ സ്ഥാപന ലിസ്റ്റുകൾ തയ്യാറാക്കി സൂക്ഷിക്കുകയോ, ലിസ്റ്റിലെ ക്രമ പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ തൊഴിൽ നികുതി ധനകാര്യ പത്രികയിലെ വരവുമായി റീകൺസൈൽ ചെയ്തിട്ടില്ല. പൂർണ്ണമായ സ്ഥാപന ലിസ്റ്റുകൾ തയ്യാറാക്കി ലിസ്റ്റിലെ ക്രമ പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തി ധനകാര്യ പത്രികയിലെ വരവുമായി റീകൺസൈൽ ചെയ്ത് ഡി സി ബി പത്രിക തയ്യാറാക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന ലിസ്റ്റുകളിൽ എല്ലാ വരുമാനവും രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും അതിന്റെ കൃത്യത പരിശോധിക്കേണ്ടതുമാണ്. ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന സ്ഥിര, താല്ക്കാലിക, ദിവസ, കരാർ വേതനക്കാരിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സ്ഥാപന തൊഴിൽ നികുതി

a) സ്ഥാപന തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സ്ഥാപന ലിസ്ററ് തയ്യാറാക്കുകയോ, തൊഴിൽ നികുതി കണക്കാക്കുന്നതിനും ഈടാക്കുന്നതിനുമായി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയോ ചെയ്യുന്നില്ല. ഡി & ഒ ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മാത്രം സ്ഥാപന തൊഴിൽ നികുതി ഈടാക്കുകയും അത് ഡി & ഒ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. മുൻവർഷങ്ങളിൽ നികുതി അടച്ചതും പുതിയ സ്ഥാപനങ്ങളും അടക്കം എല്ലാ സ്ഥാപനങ്ങളും നികുതി അടയ്ക്കുന്നുണ്ടോ എന്ന് പരിശോധിയ്ക്കുകയോ ഉറപ്പാക്കുകയോ ചെയ്യുന്നില്ല. റജിസ്റ്ററിൽ രേഖപ്പെടുത്തിയ നികുതി വരവ് ധനകാര്യ പത്രികയിലെ വരവുമായി റീകൺസൈൽ ചെയ്ത് ഡി സി ബി പത്രിക തയ്യാറാക്കേണ്ടതാണ്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റിലെ ക്രമപ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

b) കുടിശ്ശിക സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിയ്ക്കുകയോ കുടിശ്ശിക നികുതി അടച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

3. മുൻ വർഷങ്ങളിൽ ജീവനക്കാരുടെ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയ സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം നികുതി പിരിക്കാത്തതായി കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

List A

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഇറിഗേഷൻ വിങ്ങ്, സിയാൽ | II^nd |
| 2 | പോപ്പുലാർ ഫിനാൻസ്, അത്താണി | ,, |
| 3 | കെ.ബി. ഹോസ്പിറ്റൽ, അത്താണി | ,, |
| 4 | സഫാരി ഇൻഡസ്ട്രീസ് ഇൻഡ്യ ലിമിറ്റഡ് | ,, |
| 5 | മിനി മുത്തൂറ്റ് നിധി കേരള ലി. അത്താണി | ,, |
| 6 | സപ്ലൈക്കോ മാർക്കറ്റ് കരിയാട് | ,, |
| 7 | ബയോവിഷൻ | ,, |
| 8 | ഗോ എയർലൈൻസ് (India) Ltd. | ,, |
| 9 | എതിഹാഡ് എർവേയ്സ് | ,, |
| 10 | ഹോട്ടൽ റേയൽ വിങ്സ് | ,, |
| 11 | ജോയ് ജെറ്റ് ലിമിറ്റഡ് | ,, |
| 12 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ | ,, |
| 13 | SITA (SC) MAIN | ,, |
| 14 | സെലബി ഗ്രൌണ്ട് ഹാൻഡിലിംങ്ങ് ഡൽഹി (P) ലിമിറ്റഡ് | Ist |

ഈ സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. ജീവനക്കാരുടെ തൊഴിൽ നികുതി അടച്ച താഴെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

List B

| ക്രമ നം. | സ്ഥാപനം. |
|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അത്താണി |
| 2 | ഭാരത് പ്രട്രോളിയം ഏവിയേഷൻ ഫ്യൂവലീസ് സ്റ്റേഷൻ |
| 3 | സ്കൈ ടീം ലോജസ്റ്റിക്സ് (P) ലിമിറ്റഡ് |
| 4 | ഫ്രെറ്റ് എക്സ്പ്രസ് ഇൻറർനാഷണൽ (P) ലിമിറ്റഡ് |
| 5 | FEI കാർഗ്രോ ലിമിറ്റഡ് |
| 6 | CEVA ഫ്രെറ്റ് ഇൻഡ്യ(P) ലിമിറ്റഡ് |
| 7 | സോഫിറ്റ് ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ് (P) ലിമിറ്റഡ് |
| 8 | നൈപുണ്യ വെൽഫയർ സർവ്വീസ് അങ്കമാലി |
| 9 | പോപ്പുലർ ഫിനാൻസ് അത്താണി |
| 10 | ലുലു ഫ്രെറ്റ് കിച്ചൺ (P) ലിമിറ്റഡ് |
| 11 | സഫാരി ഇൻഡസ്ട്രീസ് ഇൻഡ്യ ലിമിറ്റഡ് |
| 12 | ആൽഫ ക്രിയോൾ ഇൻഡ്യ (P) ലിമിറ്റഡ് |
| 13 | പ്രിയാസ് IOCഡീലർ നെടുമ്പാശ്ശേരി |
| 14 | മുത്തൂറ്റ് ഫിൻ കോർപ് ലിമിറ്റഡ് നെടുമ്പാശ്ശേരി |
| 15 | മിനി മുത്തൂറ്റ് നിധി കേരള ലിമിറ്റഡ്, അത്താണി |
| 16 | ഉദയാ ഫിനാൻസിയേഴ്സ്, അത്താണി |
| 17 | കുവൈറ്റ് എയർവേയ്സ് നെടുമ്പാശ്ശേരി |
| 18 | നെടുമ്പാശ്ശേരി പഞ്ചായത്ത് സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക്, മേക്കാട് |
| 19 | കിനേറ്റ്സു വേൾഡ് എക്സ് പ്രസ് ഇൻഡ്യ (P) ലിമിറ്റഡ് |
| 20 | ഖത്തർ എയർവേയ്സ്, കൊച്ചിൻ |
| 21 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ – അത്താണി |
| 22 | ബി.എസ്.എൻ.എൽ |
| 23 | മങ്ങാട്ടുംപ്പിള്ളിൽ ക്ലിനിക്ക് |
| 24 | എയർ ഇൻഡ്യ കൊച്ചിൻ എയർപോർട്ട് |
| 25 | മാർ ഇഗ്നേഷ്യസ് ക്ലിനിക്കൽ ലബോറട്ടറി |
| 26 | കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷൻ നെടുമ്പാശ്ശേരി |
| 27 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, നെടുമ്പാശ്ശേരി |
| 28 | പട്ടരുമഠം ക്ലിനിക്ക് |
| 29 | മുത്തൂറ്റ് ഫിനാൻസ് അത്താണി |
| 30 | ഗുഡ് ലുക്ക് ഫോട്ടോ ആൽബം |
| 31 | ബൊല്ലോർ ലോജസ്റ്റിക്സ് |
| 32 | ഫ്രൈറ്റ് സിസ്റ്റം ഇൻഡ്യ (P) ലിമിറ്റഡ് |
| 33 | ട്രാവൽ ന്യൂസ് സർവ്വീസസ് ഇൻഡ്യ (P) ലിമിറ്റഡ് |

5. ഡി & ഒ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നില്ല.

LIst C

| ക്രമ നം. | D& O ലൈസൻസ് നമ്പർ | സ്ഥാപനം | D & O ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം. |
|---|---|---|---|
| 1 | 12 | ഫ്രൈറ്റ് എക്സ് പ്രെസ് ഇൻഡ്യ (P) ലിമിറ്റഡ് | 5 |
| 2 | 60 | അന്ന മേരി ടൈൽസ് | 6 |

| | | | |
|---|---|---|---|
| 3 | 68 | അർജ്ജുന നാച്ച്വറൽ എക്ട്രാക്ട് ലിമിറ്റഡ് | 4 |
| 4 | 71 | ഗുഡ് ലക്ക് പ്രി ഫോംസ് | 3 |
| 5 | 72 | റീജെന്റ് വെൻച്വഴേസ് | 3 |
| 6 | 74 | സാജോ ഇൻഡസ്ട്രീസ് | 6 |
| 7 | 75 | സാന്ദ്ര ഫ്രിഫോംസ് | 3 |
| 8 | 76 | സാജോ പോളിടെക് (P) ലിമിറ്റഡ് | 3 |
| 9 | 81 | ടീജൻ ഗ്ലോബൽ ട്രേഡിങ്ങ് (P) ലിമിറ്റഡ് | - |
| 10 | 83 | അരവിന്ദ ആയുർവ്വേദ ഫാർമസ്യൂട്ടിക്കൽസ് | - |
| 11 | 119 | സോണി കാർട്ടൻസ് | 6 |
| 12 | 130 | കാൻസൺസ് ഫുഡ് (P) ലിമിറ്റഡ് | - |
| 13 | 128 | അത്താണി ടൂറിസ്റ്റ് ഹോം | - |
| 14 | 138 | സതേൺ എം സാന്റ് | 7 |
| 15 | 141 | ഗേലോർഡ് മെറ്റൽസ് | 13 |
| 16 | 153 | തേയ്ക്കാനത്ത് ഏജൻസീസ് (gas agency) | - |
| 17 | 160 | വെസ്റ്റേൺ ഫുഡ് പ്രോഡക്ട്സ് | 4 |
| 18 | 169 | അന്ന വുഡ് ഇൻഡസ്ട്രീസ് | 9 |
| 19 | 172 | മോഡേൺ ഡിസ്ഗ്രോപോളീസ് ലിമിറ്റഡ് | 12 |
| 20 | 18 | ജ്യോതി ലബോറട്ടറീസ് ലിമിറ്റഡ് | 4 |
| 21 | 239 | സൂര്യ റസ്റ്റോറന്റ് | 20 |
| 22 | 274 | എൽ.പി.ജി. ഗോഡൌൺ | - |
| 23 | 280 | ന്യൂ ടി.ജെ. റബ്ബർ ഇൻഡസ്ട്രീസ് | - |
| 24 | 292 | ബദരീനാഥ് ഹെർബൽ പ്രൊഡക്ട്സ് | 4 |
| 25 | 294 | സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ | - |
| 26 | 295 | ഗിഫ്റ്റ് ഐ.വി.എഫ് സെന്റർ | 4 |
| 27 | 313 | കേരള സ്റ്റീൽ അസ്സോസിയേറ്റ്സ് | 11 |
| 28 | 323 | ജെ & വി കൊയർ പ്രോഡക്ട്സ് | 4 |
| 29 | 326 | നൈറ്റി ഗേൾസ് റെഡിവിയർ | 6 |
| 30 | 327 | സത്യാ ആയൂർവേദ | 6 |
| 31 | 328 | റോയൽ ഫുഡ് കോർട്ട് | - |
| 32 | 341 | ശ്രീ. രുദ്ര വിലാസം വൈദ്യശാല | 9 |
| 33 | 353 | ആർ.വി ഇൻഡസ്ട്രീസ് | 5 |
| 34 | 366 | എൽ.ജി പാക്കേജിങ്ങ് | 7 |
| 35 | 422 | ലയൺസ് എം&കെ ഇൻഡേൺ സർവ്വീസ് അത്താണി | 3 |
| 36 | 473 | കെ.ബി ഹോസ്പിറ്റൽ അത്താണി | - |
| 37 | 494 | ട്രാൻസ് ഫ്രെഷ് ലോജിസ്റ്റിക്സ് (P) ലിമിറ്റഡ് | 7 |
| 38 | 534 | വി &വി ഏജൻസീസ് | 5 |
| 39 | 543 | മെറിലാന്റ് ആയുർവ്വേദ ഹോസ്പിറ്റൽ | 3 |
| 40 | 544 | കെയർ ഹൈ ടെക് മെഡി ലാബ് | 2 |
| 41 | 545 | കാനോപി ഫാസിയെന്റ്സ് എന്റർപ്രൈസസ് | 4 |

| | | | |
|---|---|---|---|
| 42 | 547 | എസ്.ആർ. ഇൻഡസ്ട്രീസ് | 4 |
| 43 | 570 | ട്യൂണിങ്ങ് ഫോർക്ക്സ് | 9 |
| 44 | 596 | കെ.വി.എൻ ഇപെക്സ് (P) ലിമിറ്റഡ് | 5 |
| 45 | 607 | സ്മാർട്ട് സിസ്റ്റംസ് ടെക് നോളജി | 5 |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6. ഹോട്ടലുകൾക്കും ലോഡ്ജുകൾക്കും ലൈസൻസ് നല്കിയത് രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം സ്ഥാപന തൊഴിൽ നികുതി അടച്ച താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നില്ല.

List D

| ക്രമ നം | | സ്ഥാപനം/ഉടമയുടെ പേര് | റൂമുകളുടെ എണ്ണം |
|---|---|---|---|
| 1 | 2 | മേള റസിഡൻസ് | 9 |
| 2 | 3 | QUSR ഹോട്ടൽസ്, കൊച്ചിൻ (P) ലിമിറ്റഡ് | 56 |
| 3 | 4 | എയർപോർട്ട് ഗോൾഫ് വ്യൂ ഹോട്ടൽ | 42 |
| 4 | 5 | എബനേസർ പ്ലാസ | 22 |
| 5 | 6 | ലോട്ടസ് 8 A പാർട്ട് ഹോട്ടൽ | 44 |
| 6 | 7 | ജോൺ കാച്ചപ്പിള്ളി, അങ്കമാലി | 54 |
| 7 | 10 | ഹോട്ടൽ എക്സലൻസി | 20 |
| 8 | 11 | സാജ് എർത്ത് റിസോർട്ട് | 36 |
| 9 | 12 | ഡയാന ഹൈറ്റ് | 40 |
| 10 | 13 | ഗ്രീൻ ഫ്ലൈ ഇന്റർനാഷണൽ | 14 |
| 11 | 14 | കുട്ടൂസ് വുമൺ ഹോസ്റ്റൽ | 21 |
| 12 | 16 | തോംസൺ റീജൻസി | 18 |
| 13 | 18 | മോട്ടൽ 7 ഡേയ്സ് | - |
| 14 | 22 | പോൾ ജേക്കബ്, മേക്കട | 12 |
| 15 | 23 | അബൂബക്കർ ശ്രീമൂലനഗരം | 6 |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

7. 2017-18 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ/ ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങളിൽ നിന്നും ജീവനക്കാരുടെ / സ്ഥാപനത്തിന്റെ തൊഴിൽ നികുതി പിരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ക്ഷീരോല്പാദക സഹകരണ സംഘം, കരിയാട് | Ist & IInd Half |

| | | |
|---|---|---|
| 2 | ക്ഷീരോല്പാദക സഹകരണ സംഘം, മേക്കാട് | Ist & IInd Half |
| 3 | ക്ഷീരോല്പാദക സഹകരണ സംഘം, മള്ളുശ്ശേരി | Ist & IInd Half |
| 4 | ക്ഷീരോല്പാദക സഹകരണ സംഘം, നെടമ്പാശ്ശേരി | Ist & IInd Half |
| 5 | ക്ഷീരോല്പാദക സഹകരണ സംഘം, കപ്രശ്ശേരി | Ist & IInd Half |
| 6 | ക്ഷീരോല്പാദക സഹകരണ സംഘം, പൊയ്ക്കാട്ടുശ്ശേരി | Ist & IInd Half |
| 7 | ക്ഷീരോല്പാദക സഹകരണ സംഘം, കുറുമശ്ശേറി | Ist & IInd Half |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

8. പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ / സ്ഥാപനത്തിന്റെ തൊഴിൽ നികുതി പിരിച്ചിട്ടില്ല.

.

List E

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | അകപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക് |
| 2 | നെടുംപിലിൽ ഫിനാൻഷ്യൽ കമ്പനി ലിമിറ്റഡ് |
| 3 | വിഗ്നേശ്വർ ഓക്സിജൻ (P)ലിമിറ്റഡ് |
| 4 | ഇൻഡ്യൻ ചേമ്പർ ഓഫ് കൊമേഴ്സ് & ഇൻഡസ്ട്രി, നെടുമ്പാശ്ശേരി |
| 5 | കൊച്ചിൻ എയർക്രാഫ്റ്റ് മെയിന്റനൻസ് കമ്പനി ലിമിറ്റഡ്, അത്താണി) |
| 6 | NFC ഫിനാൻസ് നെടുമ്പാശ്ശേരി (Airport junction) |
| 7 | യുണിമോണി ലോൺസ് & ഫിനാൻസ് (Airport junction) |
| 8 | അന്യ എയർപോർട്ട് ഹോസ്പിറ്റൽ (Airport junction) |
| 9 | ചെമ്മണ്ണൂർ ക്രെഡിറ്റ്സ് (Airport junction) |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

. പഞ്ചായത്തിലേയും അനുബന്ധ സ്ഥാപനങ്ങളിലയും എല്ലാ കരാർ/ ദിവസ വേതന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്.

10. 2017-18 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ മരാമത്ത് വേലകൾ നടത്തിയ കരാറുകാരിൽ നിന്ന്

തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ വസ്തുതകളിൽ നിന്നും നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തിൽ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായിട്ടല്ല നടക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതും നികുതി പിരിവും ആഭ്യന്തരനിയന്ത്രണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതുമാണ്. ആയതിനായി സ്ഥലപരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും നികുതി പിരിവിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതുമാണ്. ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ്-അപാകതകൾ

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ഡി & ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ഡി & ഒ ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റിലെ ക്രമപ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കണ്ടതുമാണ്.

(2) എല്ലാ ഡി & ഒ ലൈസൻസ് അപേക്ഷകളിലും ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കുന്നുണ്ടെന്നും സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, ദിവസ വരുമാനം/യന്ത്രസാമഗ്രികളുടെ കുതിര ശക്തി എന്നീ വിവരങ്ങൾ നിശ്ചയമായും പ്രസ്താവിച്ചിട്ടുണ്ടെന്നും ഉറപ്പാക്കി ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പാർട്ട് പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(3)വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീ ഈടാക്കുന്നതിന് സ്ഥാപനങ്ങളുടെ വരുമാനം കൃത്യമായി രേഖപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്തുകയോ വരുമാനത്തിന്റെ കൃത്യത പരിശാധിച്ച് അതിനനുസരിച്ച് ഡി & ഒ ലൈസൻസ് ഫീ ഈടാക്കുകയോ ചെയ്യുന്നില്ല. താഴെ ചേർത്ത സ്ഥാപനങ്ങളുടെ ദിവസ വരുമാനം പരിശോധിച്ച് ഈടാക്കിയ ഡി & ഒ ലൈസൻസ് ഫീയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

| ക്രമ നം | ഡി & ഒ ലൈസൻസ് നം | സ്ഥാപനം | ഈടാക്കിയ ഡി & ഒ ലൈസൻസ് ഫീ | അപേക്ഷ പ്രകാരമുള്ള ദിവസ വരുമാനം |
|---|---|---|---|---|
| 1 | 12 | ഫ്രൈറ്റ് എക്സ്പ്രസ്സ് ഇന്റർനാഷണൽ | 100 | 1000 |
| 2 | 13 | FEI കാർഗോ ലിമിറ്റഡ് | 100 | 1000 |
| 3 | 26 | സോ മിൽ | 300 | 15000 |
| 4 | 153 | തേക്കാനത്ത് ഏഡ്ജൻസീസ് LPG ഗോഡൗൺ | 200 | 1000 |
| 5 | 421 | മേടയിൽ ഇൻസിനേറ്റേർസ് | 100 | - |
| 6 | 422 | എം കെ ഇൻഡേൺ | 2000 | 1500 |

| | | | | |
|---|---|---|---|---|
| | | സർവീസ് LPG ഗോഡൗൺ | | |
| 7 | 456 | സെന്റ് മേരീസ് റൈസ് മിൽ | 100 | 100 |
| 8 | 474 | അക്ഷയ ലൈറ്റസ് (LED മാനുഫാക്ചറിംഗ്) | 100 | 3000 |

അപേക്ഷകർ കുറഞ്ഞ ദിവസ വരുമാനം രേഖപ്പെടുത്തുമ്പോൾ അതിന്റെ കൃത്യത ഉറപ്പു വരുത്താതെ ഡി & ഒ ലൈസൻസ് ഫീ ഈടാക്കുന്നതു മൂലം ഈ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നു. ലൈസൻസ് നം 249, പ്രിയാസ്, IOC ഡീലറിൽ നിന്ന് അപേക്ഷ പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള 1,20,000/- രൂപ ദിവസ വരുമാനത്തിനുള്ള ഡി & ഒ ലൈസൻസ് ഫീ ആയ 4000/-രൂപയ്ക്ക് പകരം 200/- രൂപയാണ് ഈടാക്കിയിരിക്കുന്നത്. ബാക്കിയായ 3800/- രൂപ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. 2017-18 വർഷത്തെ ഡി & ഒ ലൈസൻസ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതു പ്രകാരവും ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടി അനുസരിച്ചും ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 68 സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തിരിക്കുന്നത്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് പോലും ലൈസൻസ് ഫീസ് പിരിക്കാത്തത് ഓഡിറ്റ് ഗൗരവമായി കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പോലും ലൈസൻസില്ല എന്നതിൽ നിന്നും ഗ്രാമപഞ്ചായത്തിൽ അനേകം വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാകുന്നു. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5. ഡി & ഒ ലൈസൻസ് രജിസ്റ്റർ സൂക്ഷിയ്ക്കുന്നതിലും വരവ് രേഖപ്പെടുത്തുന്നതിലും സാരമായ അപാകതകൾ ഉള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് പരിധിയിൽ ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്.കൂടാതെ നിയമാനുസൃതമായി പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനത്തിലും കുറവുണ്ടാകുന്നു.ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് 1994, സെക്ഷൻ 255 പ്രകാരമുള്ള ഫൈൻ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനായി സ്ഥലപരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റ് പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-5 വാടക വരവ്-അപാകതകൾ

2017-18 വർഷത്തെ വാടക വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിയ്ക്കുകയോ രജിസ്റ്റർ പ്രകാരമുള്ള വരവ് അക്കൗണ്ട് പ്രകാരമുള്ള വരവുമായി റീകൺസൈൽ ചെയ്ത് സൂക്ഷിയ്ക്കുകയോ ചെയ്യുന്നില്ല. വാടക രജിസ്റ്റർ കൃത്യമായി തയ്യാറാക്കി ധനകാര്യ പത്രിക പ്രകാരമുള്ള വരവുമായി റീകൺസൈൽ സ്റ്റേറ്റ്മെന്റ്

തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. കുടിശ്ശിക വാടക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ, കുടിശ്ശിക വാടക വരവുകൾ കൃത്യമായി രേഖപ്പെടുത്തുകയോ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റീകൺസൈൽ ചെയ്ത് സൂക്ഷിക്കുകയോ ചെയ്യുന്നില്ല. 2017-18 വർഷത്തെ കുടിശ്ശിക വാടക രജിസ്റ്റർ തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

3. വാടക രജിസ്റ്റർ പ്രകാരം താഴെ ചേർത്ത മുറികളുടെ വാടക കേസുകൾ നിലനിൽക്കുന്നതിനാൽ വാടക വരവിൽ ചേർത്തതായി കാണുന്നില്ല .ഓഡിറ്റ് എൻക്വയറിയുള്ള മറുപടി അനുസരിച്ച് ഈമുറികളുടെ വാടക ഇനത്തിൽ കുടിശ്ശികയുള്ളതായി കാണുന്നു

| ക്രമ നം | റൂം നമ്പർ | മാസ വാടക | കുടിശ്ശിക(2017-18 വർഷം ഉൾപെടെയുള്ളത്) |
|---|---|---|---|
| 1 | A1 | 1520 | 15200 |
| 2 | A3 | 1260 | 77840 |
| 3 | A5 | 800 | 87200 |
| 4 | B14 | 3500 | 307580 |
| 5 | B19 | 1600 | 127500 |
| 6 | C7 | 5600 | 543200 |

ഇതുമായി ബന്ധപ്പെട്ട കേസ് ഫയൽ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഈ മുറികളുടെ വാടക തൻ വർഷ ഡിമാന്റിലും കുടിശ്ശികയിലും ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 റോഡ് കട്ടിങ്ങ് ഫീ-അപാകത

പഞ്ചായത്ത് സെക്രട്ടറിയുടെ 20.12.2017 ലെ A2-5628/17 ഉത്തരവ് പ്രകാരം കൊച്ചിൻ എയർക്രാഫ്റ്റ് മെയിന്റനൻസ് ലിമിറ്റഡിന്റെ ഫ്ലാറ്റിലേയ്ക്ക് വാട്ടർ കണക്ഷൻ എടുക്കുന്നതിനായി റോഡ് കട്ടുചെയ്യുന്നതിന് അനുമതി നൽകുകയും കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. ഈടാക്കിയ റോഡ് കട്ടിങ്ങ് ഫീ ആയ 336675/- രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റായി ആണ് അക്കൗണ്ടിൽ ചേർത്തിരിക്കുന്നത്. റോഡ് കട്ടിങ്ങ് ഫീ പഞ്ചായത്തിന് ലഭിക്കേണ്ട വരവായി ചേർക്കുന്നതിന് പകരം തിരിച്ചു നൽകേണ്ട സെക്യൂരിറ്റി ഡിപ്പോസിറ്റായി കണക്കാക്കി കരാറിൽ ഏർപ്പെട്ടതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുള്ള മറുപടിയിൽ പഞ്ചായത്ത് തിരുമാനപ്രകാരമാണ് കരാറിൽ ഏർപ്പെട്ടതെന്നും പണം തിരികെ നല്കിയിട്ടില്ലാത്തതിനാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. ഈ തുക പഞ്ചായത്ത് ഫണ്ടിൽ വരവായി ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അമൃതം യൂണിറ്റ് -വാടക ഈടാക്കുന്നില്ല.

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ അമൃതം ഫുഡ് സപ്ളിമെന്റ് തയ്യാറാക്കി വിപണനം നടത്തുന്ന കുടുംബശ്രീ യൂണിറ്റ് പ്രവർത്തനം നടത്തുന്നുണ്ട്. 2006 ൽ പ്രവർത്തനം ആരംഭിച്ച യൂണിറ്റ്, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് കൂടാതെ സമീപത്തെ 6ഗ്രാമപഞ്ചായത്തുകളിലും. അങ്കമാലി നഗരസഭയിലും അമൃതം ഫുഡ് സപ്ളിമെന്റ് നൽകുന്നുണ്ട്. 2017-18ൽ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് അങ്കണവാടികളിലേയ്ക്ക് അമൃതം പൊടി വാങ്ങിയ വകയിൽ ഈ യൂണിറ്റിന് പ്ലാൻ ഫണ്ട് വിഹിതത്തിൽ നിന്ന് ഏകദേശം 24 ലക്ഷം രൂപ നല്കിയിട്ടുണ്ട്. ഏതാണ്ട് 1കോടി രൂപയിലധികം

ശരാശരി വിറ്റു വരവ് ഉള്ള ഈ സ്ഥാപനം, കുടുംബശ്രീ കൺസോർഷ്യത്തിനു കീഴിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന യൂണിറ്റാണ്. യൂണിറ്റിന്റെ പ്രവർത്തനങ്ങളിലൊ, വരുമാനത്തിലൊ ഗ്രാമപഞ്ചായത്തിനൊ, സിഡിഎസ്സിനൊ യാതൊരുവിധ നിയന്ത്രണങ്ങളുമില്ല. വിറ്റു വരവ്, ലാഭവിഹിതം എന്നിവ യൂണിറ്റ് അംഗങ്ങൾ തന്നെയാണ് കൈകാര്യം ചെയ്യുന്നത്. സർക്കാരിൽ നിന്ന് കുറഞ്ഞ നിരക്കിലാണ് ഇവർക്ക് ഗോതമ്പ് ലഭിക്കുന്നത്.ഗ്രാമപഞ്ചായത്തിന്, സിഡിഎസ്സിനായി നിരവധി പ്രവർത്തനങ്ങൾ ഇനിയും ചെയ്യാനുണ്ടെന്നിരിക്കെ, 2006 മുതൽ പ്രവർത്തിക്കുന്ന, സ്വയം പര്യാപ്തത നേടിയ ലാഭകരമായ ഒരു സംരംഭം എന്ന നിലയിൽ വാടക കൂടാതെ പഞ്ചായത്ത് കെട്ടിടം, മറ്റ് സൗകര്യങ്ങൾ ഈ യൂണിറ്റിന് നൽകേണ്ടതില്ല. ടി കെട്ടിടത്തിന് നിലവിലെ നിരക്ക് അനുസരിച്ചുള്ള വാടക,വെള്ളക്കരം എന്നിവയും ഇവിടത്തെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

## 2-8 <u>ഇ.എം.എസ് ഭവനപദ്ധതി നീക്കിയിരിപ്പ്-ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.</u>

. ജില്ലാസഹകരണബാങ്ക് അത്താണി ശാഖയിൽ, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വി.ഇ.ഒ എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിൽ (നം.042281000000009) 27-11-15ൽ 47,67,477/- രൂപ നീക്കിയിരിപ്പുണ്ട്. ഇം.എം.എസ്. ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് തുടങ്ങിയ അക്കൗണ്ടാണിത്. എന്നാൽ പഞ്ചായത്തിലെ വാർഷിക കണക്കിൽ ഈ അക്കൗണ്ട് വിവരം ഉൾപ്പെടുത്തിയിട്ടില്ല. പണമിടപാടുകളില്ലാത്തതിനാൽ 27.11.15 വരെ മാത്രമേ ബാങ്ക് പാസ് ബുക്ക് അപ്ഡേറ്റ് ചെയ്തിട്ടുള്ളൂ. 2013 വരെ പലിശ ലഭിച്ചിട്ടുണ്ടെങ്കിലും തുടർന്ന് പലിശ ലഭിച്ചതായി കാണുന്നില്ല. പ്രത്യേക ആവശ്യത്തിനുവേണ്ടി തുടങ്ങിയതും പണമിടപാടുകളില്ലാത്തതുമായ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക സർക്കാരിലേയ്ക്ക് തിരിച്ചടക്കണമെന്നുമുള്ള സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ഇം.എം.എസ്.ഭവനപദ്ധതി നിലവിലില്ലാത്തതിനാൽ യാതൊരു പ്രയോജനവുമില്ലാതെ അവശേഷിക്കുന്ന ഈ വലിയ തുക സർക്കാർ അനുമതിക്ക് വിധേയമായി ലൈഫ് ഭവനപദ്ധതിയിലേക്ക് വകമാറ്റുകയോ, സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. നാളിതുവരെയുള്ള പലിശ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- എ.എം.സി</u>

പ്രോജക്ട് നമ്പർ -109/18 തനത് ഫണ്ട്-570920

ചെക്ക് നമ്പർ- 6119960/14.3.18, 570920

ഗ്രാമ പഞ്ചായത്തിലെ വഴിവിളക്കുകൾ വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ റോയ് വർഗ്ഗീസ്, മേനാച്ചേരി, എന്നയാളുടെ ടെണ്ടർ അംഗീകരിച്ച് ഇയാളുമായി 15.12.17ൽ ഏർപ്പെട്ട കരാർ നമ്പർ 18 പ്രകാരം താഴെ പറയുന്ന നിരക്കിൽ

ഒരു വർഷത്തേക്ക് സ്വന്തം ചെലവിൽ സ്പെയർ പാർട്സുകൾ വാങ്ങി പരിപാലിച്ചുകൊള്ളാമെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്.

2x40Tube set- 750രൂപ

CFL-15W -525രൂപ

CFL85w/65w—775രൂപ

കൂടാതെ എ.എം.സി തുക മോണിട്ടറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 6 തുല്യഗഡുക്കളായി നൽകുന്നതായിരിക്കും എന്നും, ഒരു പരാതി പരിഹാര രജിസ്റ്റർ സൂക്ഷിക്കണമെന്നും പറയുന്നുണ്ട്.മേൽ പറഞ്ഞ നിരക്ക് ടാക്സ്, മറ്റ് ചെലവുകൾ എന്നിവ ഉൾപ്പെട്ടതാണ്.എന്നാൽ കരാറുകാരനായ ശ്രീ റോയ് വർഗ്ഗീസ് സമർപ്പിച്ച തെരുവ് വിളക്ക് പരിപാലന സാക്ഷ്യപത്ര പ്രകാരം തുക നൽകിയപ്പോൾ കരാർ പ്രകാരമുള്ള തുകയോടൊപ്പം ജി.എസ്.ടി ഇനത്തിൽ 61176 രൂപകൂടി ഉൾപ്പെടുത്തിയാണ് ആകെ 570920 രൂപ മേൽ പ്രകാരം നൽകിയിട്ടുള്ളത്.

കരാറുകാരൻ സമ്മതിച്ച നിരക്ക്, നികുതി ഉൾപ്പെടെയുള്ള താണെന്നിരിക്കെ അധികം നൽകിയ 61176 രൂപ നഷ്ടോത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പുതിയ വഴിവിളക്കുകൾ സ്ഥാപിക്കൽ ലേബർ ചാർജ്ജ്/ഇൻസ്റ്റലേഷൻ ചാർജ്ജ് നൽകൽ.

പ്രോജക്ട് നമ്പർ -288/18, 227/18

അടങ്കൽ -തനത് ഫണ്ട്-200000, ധനകാര്യ കമ്മീഷൻ ഗ്രാന്റ്-134300

ബിൽ നമ്പർ-24/17/19.2.18 -133812, ചെക്ക് നമ്പർ 6119955/20.2.18 --184788

ഗ്രാമ പഞ്ചായത്തിന് സിയാൽ (CIAAL)-ൽ നിന്നും ലഭിച്ച300 CFL വഴിവിളക്കുകൾ ഇലക്ട്രിക്ക് പോസ്റ്റുകളിൽ ഫിറ്റു ചെയ്യുന്നതിനുള്ള ഫിറ്റിംഗ് ചാർജ്ജ്, മെറ്റീരിയൽ ചാർജ്ജ് എന്നിവ നൽകുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. റോയ്, മാൻചേരിൽ എന്നയാൾ സ്വന്തം ചെലവിൽ ഹാന്റിൽ നിർമ്മിച്ച് പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിന് ഒരെണ്ണത്തിന് 900രൂപ നിരക്കിൽ സമർപ്പിച്ച കൊട്ടേഷൻ കമ്മിറ്റി അംഗീകരിച്ചിരുന്നു. ഇതിനായി നൽകിയ ടെണ്ടർ പരസ്യത്തിൽ തന്നെ ടാക്സ്, പ്രോസസ്സിംഗ് ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടതെന്ന് പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്. ആയതനുസരിച്ച് ഇയാൾ സമർപ്പിച്ച 900 രൂപ എന്ന നിരക്കിൽ ടാക്സ്, മറ്റ് ചാർജ്ജുകൾ എല്ലാം അടങ്ങിയിട്ടുള്ളതാണെന്ന് വ്യക്തമാണ്. എന്നാൽ 20.1.2018 ൽ ഇയാൾ സമർപ്പിച്ച ഇൻവോയ്സ് 3പ്രകാരം 72w CFLset 174 എണ്ണം സ്ഥാപിച്ചതിന് 900 രൂപ നിരക്കിൽ 156600രൂപയും ജി.എസ്.ടി 28188 രൂപയും ഉൾപ്പെടെ 184788രൂപ നൽകിയിട്ടുണ്ട്. കൂടാതെ ഇൻവോയ്സ് 2/19.1.18പ്രകാരം 126 72w CFLset സ്ഥാപിച്ചതിന് 900രൂപ നിരക്കിൽ 113400 രൂപയും ജി.എസ്.ടി 20412 രൂപയും ഉൾപ്പെടെ 133812രൂപ നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച വിധം ജി.എസ്.ടി ഇനത്തിൽ അധികം നൽകിയ 48600 (28188+20412) രൂപ നഷ്ടോത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

## 3-3 എ.ബി.സി പ്രോഗ്രാം

പ്രോജക്ട് നമ്പർ -260/18,ബിൽ നമ്പർ-4/17/17.8.17 -271500

ചെക്ക് നമ്പർ -430816/19.8.17-178500

എ) ഗ്രാമ പഞ്ചായത്തിലെ തെരുവ് നായ്ക്കളെ വന്ധ്യംകരണം ചെയ്യുന്നതിന് കുടുംബശ്രീമിഷൻകോ-ഓഡിനേറ്റർക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് വിജയകരമായി നടപ്പിലാക്കിയതിന് കൃത്യമായ രേഖകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. വിവിധ തിയതികളിലായി 2017 ഒക്ടോബർ, നവംബർ മാസങ്ങളിൽ 215 നായ്ക്കളെ വാക്സിനേഷൻ നടത്തിയതായി കാണിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർ നൽകിയിട്ടുള്ള റിപ്പോർട്ട് മാത്രമാണ് തുക വിനിയോഗിച്ചതിന് സാധൂകരണ രേഖയായി ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ളത്. ഈ പ്രോജക്ടിനായി മേൽ പറഞ്ഞവിധം 450000 രൂപ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. കുടുംബശ്രീ മിഷനുമായി ഏർപ്പെട്ടിട്ടുള്ള എഗ്രിമെന്റ് പ്രകാരം എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ABC പ്രവർത്തനങ്ങൾക്കായി പ്രാദേശികമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇങ്ങനെ ഒരു കമ്മിറ്റി രൂപീകരിച്ചതായ വിവരമോ മോണിറ്ററിംഗ് റിപ്പോർട്ടോ ഫയലിൽ ഇല്ല. തെരുവ് നായ്ക്കളെ പിടിക്കുന്നതിന് വാർഡ് മെമ്പർമാരുടെ സഹകരണത്തോടെ വിവിധ പ്രദേശങ്ങളിൽ നിന്നും നായ്ക്കളെ പിടികൂടുകയും സർജ്ജറിക്ക് ശേഷം പിടിച്ച സ്ഥലത്തുതന്നെ തിരികെ വിടുന്നതുമാണ്. ABC റിസോഴ്സ് പേഴ്സൺ നൽകിയിട്ടുള്ള കണക്ക് പ്രകാരം 24.10.17 മുതൽ 7.11.17 വരെ 214നായ്ക്കളെപിടിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്ര പ്രകാരം 215 നായ്ക്കളെ കുടുംബശ്രീ ABCസെന്ററിൽവെച്ച് സർജ്ജറി നടത്തിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൃത്യമായ മോണിറ്ററിംഗ് ഇല്ലാതെ മുൻകൂറായി നൽകിയ തുകയ്ക്ക് അനുസൃതമായി നായ്ക്കളുടെ എണ്ണം ചേർക്കുന്ന പ്രക്രിയ മാത്രമാണ് നടക്കുന്നത്. കൃത്യമായ മോണിറ്ററിംഗ് നടത്തി അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മോണിറ്ററിംഗിലെ പോരായ്മ കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ബി) തെരുവുനായ്ക്കളെ വന്ധ്യംകരിച്ച് അവയുടെ പ്രജനന നിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ അനിമൽ ബെർത്ത് കൺട്രോൾ പ്രോജക്ടിന്റെ (എ.ബി.സി. പ്രോജക്ട്) ഭാഗമായി നായകൾക്ക് കൂട് നിർമ്മാണത്തിന് 2016-17 ൽ 94,836/- രൂപ ചെലവഴിച്ചിരുന്നു. നായകളെ പിടിച്ചുകൊണ്ടുവരാൻ ഇരുമ്പിന്റെ കൂടുകൾ നിർമ്മിച്ച് പഞ്ചായത്തിൽ കൂട്ടിയിട്ടിരിക്കുന്നതല്ലാതെ ഒരു തുടർനടപടിയും സ്വീകരിച്ചതായി കാണുന്നില്ലെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു (2016-17 റിപ്പോർട്ട് -ഖണ്ഡിക നം 3-12). ഇപ്പോഴും ആ പദ്ധതിയിൻമേൽ തുടർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. 2017-18 ൽ എ.ബി.സി. പ്രോജക്ട് നടപ്പിലാക്കിയത് മേൽപ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ വഴിയാണ്. നിർമ്മിച്ച കൂടുകൾ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പഞ്ചായത്ത് ഓഫീസിലേക്ക് ഫർണീച്ചർ വാങ്ങൽ.

പ്രോജക്ട് നമ്പർ -307/18,അടങ്കൽ 400000 തനത് ഫണ്ട്.

ചെക്ക് നമ്പർ -482769/31.3.18 -272500

ഈ പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിൽ ബി-മാർട്ട് അങ്കമാലി എന്ന സ്ഥാപനം 12.3.18ൽ സമർപ്പിച്ച ടെണ്ടർ 15.3.18 ലെ കമ്മിറ്റി തീരുമാനം 2/1 പ്രകാരം അംഗീകരിക്കുകയും താഴെ പറയുന്ന നിരക്കിൽ വാങ്ങുന്നതിനും തീരുമാനിച്ചിരുന്നു.

1.എയർപോർട്ട് ചെയർ 4സീറ്റർ @10500 -8എണ്ണം

2.എക്സിക്യൂട്ടീവ് ചെയർ(NG 202)- @3800 -5 എണ്ണം

3.വിസിറ്റേഴ്സ് ചെയർ-(NG207) @3200-50 എണ്ണം

4.പ്ലാസ്റ്റിക്ക് ചെയർ@650

എന്നാൽ മേൽ കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി 19.3.18-ൽA2-1191/17നമ്പറായി ബി-മാർട്ട് അങ്കമാലി എന്ന സ്ഥാപനത്തിൽ നിന്നും താഴെപറയുന്ന സാധനങ്ങൾക്ക് സപ്ളൈ ഓർഡർ നൽകി വാങ്ങിയിട്ടുണ്ട്.

1.SOF വിസിറ്റേഴ്സ് ചെയർP-type- 50 എണ്ണം @3500

2.SOFഎയർപോർട്ട് 4സീറ്റർനോർമൽ -6എണ്ണം @12500

3.റിവോൾവിംഗ് ചെയർ SOF ഫ്ലക്സി ഫാബ്രിക്ക്-3 എണ്ണം @7500 ആകെ 272500 രൂപ.

കമ്മിറ്റി തീരുമാനത്തിന് വിപരീതമായി ഉയർന്ന നിരക്കൽ സാധനങ്ങൾ വാങ്ങുവാനുണ്ടായ സാഹചര്യം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പരിശോധിച്ച് അധികം തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച വിധം SOFഎയർപോർട്ട് 4സീറ്റർ നോർമൽ -6എണ്ണം 10500 രൂപ നിരക്കിലുള്ളത് വാങ്ങുന്നതിന് പകരം 12500 രൂപയുടേത് വാങ്ങിയതുമൂലം 12000 രൂപ അധികചെലവുണ്ടായിട്ടുണ്ട്. അതുപോലെ വിസിറ്റേഴ്സ് ചെയർ 3200രൂപയ്ക്ക് പകരം 3500 രൂപയുടേത് 50എണ്ണം വാങ്ങുകവഴി 15000 രൂപയും അധികം ചെലവഴിച്ചു. ആകെ അധികം ചെലവഴിച്ച 27000 രൂപ നഷ്ടോത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ കമ്മിറ്റി തീരുമാനത്തിന് വിരുദ്ധമായി എക്സിക്യൂട്ടീവ് ചെയർ(NG 202)-ന് പകരം റിവോൾവിംഗ് ചെയർ SOF ഫ്ലക്സി ഫാബ്രിക്ക്-ചെയർ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-5 <u>സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ.</u>

പ്രോജക്ട് നമ്പർ – 003/18,അടങ്കൽ - 400000

ബിൽ നമ്പർ 3/17-18, 27.7.17,--362527രൂപ

1.എസ്.എസ്.എ വിഹിതം നൽകൽ.

എസ്.എസ്.എ വിഹിതം നൽകൽ- എന്ന പ്രോജക്ട് പ്രകാരം മേൽ പറഞ്ഞ ബിൽ അനുസരിച്ച് 362527രൂപ എസ്.എസ്.എയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം,കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ എസ്.എസ്.എ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുണ്ടെങ്കിലും എന്തെല്ലാം പ്രവർത്തികൾ തൻവർഷം നടപ്പിലാക്കി എന്നത് സംബന്ധിച്ച മോണിട്ടറിംഗ് നടത്തിയിട്ടുള്ളതായി കാണുന്നില്ല.

2.IKMന് വിഹിതം നൽകൽ.

പ്രോജക്ട് നമ്പർ 4/18

സെക്രട്ടറി നടപ്പിലാക്കിയ ഈ പദ്ധതിക്കായി ബിൽ നമ്പർ 2/17-18, തിയതി, 26.7.17 പ്രകാരം75000 രൂപ IKM ന് നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രസീത് പരിശോനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3.സ്ട്രീറ്റ് ലൈൻ വലിക്കൽ

പ്രോജക്ട് നമ്പർ 262/18

സ്ട്രീറ്റ് ലൈൻ വലിക്കൽ എന്ന പ്രോജക്ട് അനുസരിച്ച് ചെക്ക് നമ്പർ 482770/31.3.18 പ്രകാരം 294015 രൂപ കെ.എസ്.ഇ.ബിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ടിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞ പ്രോജക്ടുകൾക്കായി 731542 (362527+75000+294015) രൂപ ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു.

## 3-6 റോഡ് റീടാറിംഗ് അധിക നിരക്ക് നൽകി.

പ്രോജക്ട് നമ്പർ – 55/17

അടങ്കൽ 202000 മെയിന്റനൻസ് ഗ്രാന്റ്.

ബിൽ നമ്പർ-52/17-18/17.7.17- 128650

കരാറുകാരൻ- പി.പി,ജോസ്

അളവ് പുസ്തകം - 92/16-17

പി.വി.കൃഷ്ണൻ റോഡ് റീ ടാറിഗ്-വാർഡ്2-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ, പ്രവർത്തിക്കാവശ്യമായ ബിറ്റുമിൻ ഡിപ്പാർട്ടുമെന്റലായി വാങ്ങി നൽകിയിട്ടുണ്ട്. പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം mordസ്പെസിഫിക്കേഷൻ അനുസരിച്ച് കോസ്റ്റ് ഇൻഡക്സ് 1.4476അടിസ്ഥാനത്തിൽ നിരക്ക് നിർണ്ണയിച്ച് നൽകിയപ്പോൾ ഡിപ്പാർട്ടുമെന്റൽ സപ്ലൈക്കും കോസ്റ്റ് ഇൻഡക്സ് നൽകിയതായി കാണുന്നു.

ഡിപ്പാർട്ടുമെന്റൽ സപ്ലൈക്ക് കോസ്റ്റ് ഇൻഡക്സ് ഇല്ലാതെ അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.

(a)

| ഇനം<br>Prime coat- | കോസ്റ്റ് ഇൻഡക്സ് 1.4476 പ്രകാരം അനുവദിക്കാവുന്ന തുക |
|---|---|
| DSR നിരക്ക് | 31.80 |
| Cp& OH | 6.36 |
| Cost index | 0.51 |
| ആകെ | 38.67/m2 |

Emulsion വിലകണക്കാക്കിയിട്ടുള്ളത് 36000/ടൺ നിരക്കിലാണ്.

(b)

| ഇനം<br>വെറ്റ്മിക്സ് മെക്കാഡം 2nd മെറ്റലിംഗ് | കോസ്റ്റ് ഇൻഡക്സ് 1.4476 പ്രകാരം അനുവദിക്കാവുന്ന തുക |
|---|---|
| DSR നിരക്ക് | 1821 |
| Cp& OH | 364.36 |

| | |
|---|---|
| Cost index | 872.61 |
| ആകെ | 3057.97/m3 |

(c)

| ഇനം | കോസ്റ്റ് ഇൻഡക്സ് 1.4476 പ്രകാരം അനുവദിക്കാവുന്ന തുക |
|---|---|
| Tack coat, retaring | |
| DSR നിരക്ക് | 8.90 |
| Cp& OH | 1.78 |
| Cost index | 0.08 |
| ആകെ | 10.76/m2 |
| Tack coat first taring | 13.29/m2 |

(d)

RS Emulsion 34457/tonne നിരക്കിലാണ് വിലകണക്കാക്കിയിട്ടുള്ളത്.

| ഇനം | കോസ്റ്റ് ഇൻഡക്സ് 1.4476 പ്രകാരം അനുവദിക്കാവുന്ന തുക |
|---|---|
| 20mm premix- | |
| DSR നിരക്ക് | 110.11 |
| Cp& OH | 22.02 |
| Cost index | 30.50 |
| ആകെ | 162.63/m2 |

ടാറിന്റെ വില 32972.5/tonne നിരക്കിലാണ് വില കണക്കാക്കിയിട്ടുള്ളത്.

(e)

| ഇനം | കോസ്റ്റ് ഇൻഡക്സ് 1.4476 പ്രകാരം അനുവദിക്കാവുന്ന തുക |
|---|---|
| seal coat | |
| DSR നിരക്ക് | 42.84 |
| Cp& OH | 8.56 |
| Cost index | 10.54 |
| ആകെ | 61.94/m2 |

| ഇനം | കോസ്റ്റ് ഇൻഡക്സ് 1.4476 പ്രകാരം അനുവദിക്കാവുന്ന തുക |
|---|---|
| 50mm levelling- | |
| DSR നിരക്ക് | 160.02 |
| Cp& OH | 32.04 |
| Cost index | 51.85 |
| ആകെ | 243.91/m2 |

(f)

| ഇനം | കോസ്റ്റ് ഇൻഡക്സ് 1.4476 പ്രകാരം അനുവദിക്കാവുന്ന തുക |
|---|---|
| 75mm levelling | |
| DSR നിരക്ക് | 204.40 |

| | |
|---|---|
| Cp& OH | 40.88 |
| Cost index | 63.04 |
| ആകെ | 308.42/m2 |

ബിറ്റുമിൻ, എമൽഷൻ എന്നിവയ്ക്ക് മേൽ പറഞ്ഞ നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കി എഗ്രിമെന്റ് വെച്ചിട്ടുള്ളത്.

മേൽ സൂചിപ്പിച്ചതിന് വിരുദ്ധമായി ഡിപ്പാർട്ടുമെന്റലായി നൽകിയ ബിറ്റുമിനും കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതുമൂലം അധികചെലവ് ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | അളവ് പുസ്തകം, കരാറുകാരന്റെ പേര് | ഇനം | ചെയ്ത അളവ് | നൽകിയ നിരക്ക് | നൽകിയ തുക | നൽകാവുന്ന നിരക്ക് | അനുവദനീയമായ തുക | അധികം | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|---|
| പി.വി. കൃഷ്ണൻ റോഡ് റീ ടാറിഗ്-വാർഡ് 2-85/17 | 92/16-17 പി.പി. ജോസ് | ടാക്ക് കോട്ട് RS-1), | 703.7 m2 | 11.29 /m2 | 7944.77 | 10.76 /m2 | 7571.81 | 373 | 52/ 17.7.17 199891 |
| | | 20mm പ്രീമിക്സ് കാർപ്പെറ്റ് | 703.7 m2 | 166.78 /m2 | 117363.09 | 162.63 | 114442.7 | 2920 | |
| | | സീൽ കോട്ട് | 703.7 m2 | 63.43 /m2 | 44635.69 | 61.94 | 43587.17 | 1049 | |
| | | 50mm penetration mecadom | 72.016 m2 | 247.46 /m2 | 17821.08 | 243.91 /m2 | 17565.4 | 256 | |
| | | 75mm penetration mecadom | 37.83 m2 | 320.54 /m2 | 12126.35 | 308.42 | 11667.83 | 459 | |
| ആകെ | | | | | | | | 5057 | |
| വാപ്പാലശ്ശേരി ഗ്യാസ് ഗോഡൗൺ റോഡ്, 120/17 | 64/16-17 സിന്റോ. എം.എ | ടാക്ക് കോട്ട് | 425.72 m2 | 11.29 /m2 | 4806 | 10.76 /m2 | 4581 | 225 | 15/ 24.6.17 125754 |
| | | 20mm പ്രീമിക്സ് കാർപ്പെറ്റ് | 425.72 m2 | 166.78 /m2 | 71002 | 162.63 /m2 | 69235 | 1767 | |
| | | 50mm penetration mecadom | 60.096 m2 | 247.46 /m2 | 14870 | 243.91 /m2 | 14657 | 213 | |
| | | 75mm penetration meca | 25.185 m2 | 320.54 /m2 | 8073 | 308.42 | 7768 | 305 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | dom | | | | | | | |
| ആകെ | | | | | | | | 2510 | |
| | അസ്സിസ്സി പള്ളം കവല റോഡ് റീടാറിംഗ്, 96/17 സനൽ കുമാർ | 50mm penetration mecadom | 133.34 m2 | 247.46 /m2 | 32996 | 243.91 /m2 | 32523 | 473 | 14/ 24.6.17 496820 |
| | | 75mm penetration mecadom | 14.01 m2 | 320.54 /m2 | 4490 | 308.42 /m2 | 4321 | 169 | |
| | | ടാക്ക് കോട്ട് (RS-1), | 1902 m2 | 11.29 /m2 | 21474 | 10.76 /m2 | 20466 | 1008 | |
| | | 20mm പ്രീമിക്സ് കാർപ്പെറ്റ് | 1902 m2 | 166.78 /m2 | 317216 | 162.63 /m2 | 309322 | 7894 | |
| | | സീൽ കോട്ട് | 1902 m2 | 63.43 /m2 | 120644 | 61.94 /m2 | 117810 | 2834 | |
| ആകെ | | | | | | | | 12378 | |
| ശങ്കരൻ നഗർ റോഡ് ബാലാജി റോഡ്, മെറ്റലിംഗ്, റീടാറിംഗ് 130/17 | 60/16-17 വിൽ സൺ തോമസ് | വെറ്റ് മിക്സ് മെക്കാഡം | 54.89 m3 | 3164.29 /m3 | 173688 | 3057.97 /m3 | 167852 | 5836 | 12/ 24.6.17 380602 |
| | | Prime coat- | 731.87 m2 | 39.06 /m2 | 28587 | 38.67 /m2 | 28316 | 271 | |
| | | ടാക്ക് കോട്ട് (RS-1), | 731.87 m2 | 13.45 /m2 | 9844 | 13.29 /m2 | 9727 | 117 | |
| | | 20mm പ്രീമിക്സ് കാർപെറ്റ് | 731.87 m2 | 166.78 /m2 | 122061 | 162.63 /m2 | 119024 | 3037 | |
| | | സീൽ കോട്ട് | 731.87 m2 | 63.43 /m2 | 46423 | 61.94 /m2 | 45332 | 1091 | |
| ആകെ | | | | | | | | 10352 | |
| ആകെ മൊത്തം | | | | | | | | 30297 | |

മേൽ സൂചിപ്പിച്ച വിധം ഉയർന്ന നിരക്ക് നൽകിയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബിറ്റുമിൻ നിരക്ക് കുറവ് ചെയ്താണ് കോസ്റ്റ് ഇൻഡക്സ് നൽകിയതെന്ന് പറയുന്നതല്ലാതെ വിശദവും വ്യക്തവുമായ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം ചെലവായ 30297 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 ഐഡിയ സെല്ലുലാർ -റോഡ് റീസ്റ്റൊറേഷൻ തനതു ഫണ്ടിൽ നിന്ന് നൽകി

ഐഡിയ സെല്ലുലാർ ലിമിറ്റഡ് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിനായി ട്രെഞ്ച് കുഴിച്ചതിനുശേഷം റോഡ് റീസ്റ്റോറേഷൻ യഥാവിധി നടത്താത്തതിനാൽ ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് റീസ്റ്റോറേഷൻ നടത്തേണ്ടി വന്നു. ഈ ആവശ്യത്തിനായി തുകചെലവഴിക്കേണ്ടി വന്നിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറി 4 ന് എ.ഇ.മറുപടി നൽകിയത്. എന്നാൽ വൗച്ചർ നം.217000504/31-08-17 പ്രകാരം 34100/- രൂപ ശ്രീ.ലിജേഷ്.എം.എസ്. എന്നയാൾക്ക് മൂത്തമന – കുഴിപ്പള്ളം റോഡിൽ കേബിൾ കുഴികൾ നികത്താനായി എ.ഇ.യുടെ വാല്വേഷൻ പ്രകാരം നൽകിയിട്ടുണ്ട്. ഐഡിയ സെല്ലുലാർ എന്ന സ്ഥാപനവുമായി 2-12-16 ൽ ഏർപ്പെട്ട കരാർ പ്രകാരവും, ടി സ്ഥാപനത്തിന് കേരളത്തിലെ റോഡുകളിൽ 'റൈറ്റ് ഓഫ് വേ' നൽകിയ സർക്കാർ അനുമതി ജി.ഒ.എം.എസ്. ഉത്തരവ് നം.18/2016/ITD തീയതി. 23-5-2016, 4e, h ൽ പ്രകാരവും റോഡ് പൂർവ്വ സ്ഥിതിയിൽ ആക്കി നൽകേണ്ട ഉത്തരവാദിത്തം ഐഡിയ സെല്ലുലാർ ലിമിറ്റഡിനാണ്. റോഡ് പൂർവ്വ സ്ഥിതിയിൽ ആക്കി എന്ന് അസി.എൻജിനീയർ എൻ.ഒ.സി നല്കിയതാണ്. എന്നാൽ കനത്ത മഴയിൽ ട്രെഞ്ച് ഇടിഞ്ഞു താഴ്ന്നതാണ് മേൽ ചെലവിനു കാരണം എന്നാണ് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ പറയുന്നത്. ഈയിനത്തിൽ ചെലവഴിച്ച തുക റോഡ് റീസ്റ്റോറേഷൻ തൃപ്തികരമായി നടത്തിയെന്ന് എൻ.ഒ.സി നല്കിയ എ.ഇ. യിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-8 മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പ്രോജക്റ്റ് പ്രകാരം (പ്രോജക്റ്റ് നമ്പർ 261/2018) ഔഷധിയിൽ നിന്നും ഇൻഡന്റ് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ട്രഷറി ബിൽ നം. 01/2017-18 പ്രകാരം 600000/- രൂപ നൽകി. എന്നാൽ നാളിതുവരെ 581053/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കിയുള്ള 11820/-രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്ക് ചാർജ്

2017-18 വർഷം തെരുവ് വിളക്ക് ചാർജിനത്തിൽ 44,93,774/-രൂപയാണ് പഞ്ചായത്തിന് ചെലവായിട്ടുള്ളത്. 18.04.2017 മുതൽ പ്രാബല്യത്തിൽ വന്ന നിരക്കനുസരിച്ച് (മീറ്ററേതര ചാർജിനത്തിൽ പെടുന്ന എൽ.റ്റി 8 (എ) താരിഫ് താഴെ പറയും പ്രകാരമാണ് പ്രതിമാസ തെരുവ് വിളക്ക് ചാർജ് പഞ്ചായത്തിൽ നിന്നും കെ.എസ്.ഇ.ബി ഈടാക്കുന്നത്.

| ഇനം | എണ്ണം | നിരക്ക് ( burning charge for 12 hrs) | തുക |
|---|---|---|---|
| ഓർഡിനറി ബൾബ്-40 W | 360 | 66 | 23760 |
| ഓർഡിനറി ബൾബ്-60 W | 11 | 102 | 1122 |
| ഡബിൾ ട്യൂബ് സെറ്റ്-2X40 W | 1647 | 134 | 220698 |
| 250 W സോഡിയം വേപ്പർ ലാമ്പ് | 9 | 447 | 4023 |

| | | | |
|---|---|---|---|
| 72 W സി.എഫ്.എൽ | 1063 | 105 | 111615 |
| 2x11 W സി.എഫ്.എൽ | 216 | 32 | 6912 |
| 150 W സി.എഫ്.എൽ | 18 | 210 | 3780 |
| ആകെ | 3324 | | 371910 |

ടി പത്രികയിൽ നിന്നും ഇവിടെയുള്ള 3324 വിളക്കുകളിൽ 371 എണ്ണം സാധാരണ ബൾബുകളായി കണക്കാക്കിയാണ് കറന്റ് ചാർജ്ജ് അടയ്ക്കുന്നത് എന്ന് കാണാം. എന്നാൽ ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി സാധാരണ ബൾബുകൾ ഉപയോഗിക്കാറില്ല. CFL ഉം LED ലൈറ്റുകളുമാണ് കൂടുതലും ഉപയോഗിക്കുന്നത്. ഇതിൽ നിന്നും ടി 371 എണ്ണവും CFL ആണ് എന്ന് വ്യക്തമാണ്. പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഇക്കാരണത്താൽ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവയെ സംബന്ധിച്ച് യാതൊരു വ്യക്തതയുമില്ല. ഓർഡിനറി ബൾബുകൾ നിലവിലുണ്ടോയെന്നത് പരിശോധിക്കേണ്ടതാണ്. കുറഞ്ഞ വൈദ്യുതി ചാർജ്ജ് വരുന്ന എൽ ഇ ഡി ലൈറ്റുകൾ വാങ്ങി ഫിറ്റ് ചെയ്തിട്ടുണ്ടെങ്കിലും അതൊന്നും നിരക്ക് നിശ്ചയിച്ചതിൽ കണക്കിലെടുത്തിട്ടില്ല. മേൽ പ്രകാരം മീറ്ററേതര ചാർജിനത്തിൽ പെടുന്ന എൽ.റ്റി 8 (എ) എന്ന താരിഫിൽ 12മണിക്കൂർ ബേണിംങ് ചാർജിനത്തിലാണ് ശരാശരി 3,71,910/-രൂപ മാസനിരക്കിൽ വൈദ്യൂതി ചാർജ് കെ.എസ്.ഇ.ബി പഞ്ചായത്തിൽ നിന്ന് ഈടാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള എൽ.റ്റി 8 (ബി) എന്ന താരിഫിലാണ് വൈദ്യൂതി ചാർജ് കണക്കാക്കുന്നതെങ്കിൽ എത്രയാണോ ബേണിംങ് ചാർജ് ആയതിന്റെ തുക നല്കിയാൽ മതിയാകും. അപ്പോൾ ഉപയോഗിക്കുന്ന വൈദ്യൂതിക്ക് മാത്രമാണ് ചാർജ്ജ് നൽകുന്നതെന്ന് ഉറപ്പുവരുത്താവുന്നതാണ്.

7.7.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള ഒരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. ഇക്കാര്യം 2016-17 ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നു (ഖണ്ഡിക നം 3-3). ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഇക്കാരണത്താൽ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവയെ സംബന്ധിച്ച് യാതൊരു വ്യക്തതയുമില്ല. തെരുവ് വിളക്ക് മെയിന്റനൻസിന് വേണ്ടിയുള്ള ചെലവിന്റെ അടങ്കൽ തിട്ടപ്പെടുത്തുന്നതിനും ഇത് തടസ്സമാകുന്നുണ്ട്. ആയതിനാൽ തെരുവു വിളക്കുകളുടെ ആസ്തി രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കേണ്ടതും, പുതുതായി കൂട്ടിച്ചേർക്കുന്നവ ഉൾപ്പെടുത്തിപ്പോരേണ്ടതുമാണ്. അറ്റകുറ്റപ്പണി നടത്തുന്നതിന്റെ വിവരവും രേഖപ്പെടുത്തേണ്ടതാണ്.

## 3-10 <u>പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ</u>

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിലായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ പ്രൊഫോർമ്മ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക മുൻകൂറായി നൽകിയിരിക്കുകയാണ്. എന്നാൽ മുൻകൂർ നൽകിയ തുകക്കുള്ള മുഴുവൻ മരുന്നും നാളിതുവരെ ലഭ്യമായിട്ടില്ല.തുക നൽകിയതിന്റെ വിശദാംശങ്ങൾ

| | | | ലഭ്യമായ മരുന്നിന്റെ വില | |
|---|---|---|---|---|
| പ്രോജക്റ്റ് നം, പേര് | ബിൽ നം, തീയതി | തുക | ഇൻവോയ്സ് നം, തീയതി | തുക |
| SO 272/18 പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ | 5/17-18 /12.01.18 | 84834 | 58/04.04.18 | 17892 |
| 5/18 സാന്ത്വനം | 12/17-18 /28.03.18 | 225912 | 59/04.04.18 | 2437 |
| 242/18 മരുന്ന് വാങ്ങൽ | 14/17-18 /28.03.18 | 200000 | 60/04.04.18 | 26117 |
| ആകെ | | 510746 | 1145/23.04.18 | 5078 |
| | | | 1148/23.04.18 | 8801 |
| | | | | 60325 |

ലഭിക്കുവാൻ ബാക്കിയുള്ള മുഴുവൻ മരുന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 3-11 തടിയുടെ വിനിയോഗ വിവരം അറിയിക്കണം

ആവണംകോട്- മൂത്തമന കുഴിപ്പള്ളം റോഡിൽ അപകടാവസ്ഥയിൽ നിന്ന മരങ്ങൾ വെട്ടിമാറ്റിയതിനുള്ള കൂലിയായി 9300/- രൂപ 09/05/17 ലെ 21700156 നമ്പർ വൗച്ചർ പ്രകാരം പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. 27/9/2016 ലെ പഞ്ചായത്ത് കമ്മറ്റി യോഗത്തിൽ ഇതിലേക്ക് ചെലവായ തുക അനുവദിക്കുന്നതിനും തടി ലേലം ചെയ്യുന്നതിനും തീരുമാനമായിട്ടുണ്ട് (തീരുമാനം നം 22). ലഭ്യമായ തടിയുടെ വിനിയോഗം സംബന്ധിച്ച വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന്, പാഴ്മരങ്ങളായതിനാൽ ലേലം നടന്നിട്ടില്ലെന്നും തടികൾ റോഡരികിൽ കൂട്ടിയിട്ടിരിക്കുകയാണെന്നും പുനർലേലം നടത്താൻ നടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-12 എസ്.സി വനിതകൾക്ക് വിവാഹ ധനസഹായം

പ്രോജക്റ്റ് നം : 121/17-18

പ്രോജക്റ്റിന്റെ പേര് : എസ്.സി വനിതകൾക്ക് വിവാഹ ധനസഹായം

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

ആകെ അടങ്കൽ : 9,75,000/-(എസ്.സി.പി)

ചെലവഴിച്ച തുക : 975000/-

പട്ടികജാതി വനിതകൾക്ക് വിവാഹധനസഹായം നൽകുന്നതിനുള്ള മേൽ പ്രോജക്റ്റിൽ 2017-18 ൽ 13 ഗുണഭോക്താക്കൾക്ക് 75000/- രൂപ വീതം നൽകുന്നതിനായി 9,75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 6 മാസത്തിനുള്ളിലോ അപേക്ഷിക്കുന്ന യോഗ്യരായവർക്കാണ് ഈ ആനുകൂല്യത്തിന് അർഹത. തൻവർഷം ആനുകൂല്യം കൈപ്പറ്റിയ കുഞ്ഞുമോൾ വിജയൻ എന്ന ഗുണഭോക്താവിന്റെ മകളുടെ വിവാഹം നടന്നത് 08.11.2015 ലും ആനുകൂല്യത്തിന് അപേക്ഷിച്ചത് 06.10.2017 ലുമാണ്. കൂടാതെ പട്ടികജാതി വികസനവകുപ്പിൽ നിന്നും

ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. ഇത്രയും വൈകി ലഭിച്ച അപേക്ഷയിൽ നിലവിലുള്ള നിരക്കിൽ ആനുകൂല്യം നൽകിയത് സാധൂകരിക്കുന്ന ഉത്തരവുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പം പ്രത്യേക ഉത്തരവൊന്നും ഹാജരാക്കിയില്ല. അർഹതപ്പെട്ട ഗുണഭോക്താവായതിനാലാണ് ആനുകൂല്യം നൽകിയതെന്നാണ് മറുപടി നൽകിയത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നടത്തിയ മേൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ഗ്രോബാഗ് കൃഷി-അപാകതകൾ

പ്രോജക്റ്റ് നം , പേര് : s0 199/17-18-ഗ്രോ ബാഗ് കൃഷി, 206-ടെറസ് പച്ചക്കറി കൃഷി

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ :

ചെലവഴിച്ച തുക : 1) 424500/-(ബിൽ നം 01/28.06.17)

2) 141500/- (ഗുണഭോക്തൃവിഹിതം)

3) 97500/-( ബിൽ നം 20/22.03.18)

ആകെ 663500/-

മേൽപ്പറഞ്ഞ രണ്ട് പദ്ധതികളിലും പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗ് തൈ ഉൾപ്പെടെ ഗ്രീൻ ഫ്രണ്ട്സ് തൊഴിൽസേന നെടുമ്പാശ്ശേരി എന്ന രജിസ്റ്റേർഡ് സംഘത്തിൽ (രജി നം EKM/TC 868/2014).നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയിരിക്കുകയാണ്. ഗ്രോബാഗ് പച്ചക്കറി കൃഷി എന്ന പദ്ധതിയിൽ 283 ഗുണഭോക്താക്കൾക്കും ടെറസ് പച്ചക്കറികൃഷി എന്ന പദ്ധതിയിൽ ഇപ്രകാരം 65 പേർക്കുമാണ് ഇപ്രകാരം ഗ്രോബാഗ് നൽകിയിരിക്കുന്നത്. 25 ഗ്രോബാഗ് വീതമടങ്ങുന്ന ഒരു യൂണിറ്റിന് 2000/-രൂപയാണ് ചെലവ്. ഇതിൽ 75% സബ്സീഡിയാണ്. ഗുണഭോക്തൃവിഹിതമായി 500/- രൂപ അടച്ചാൽ 2000/-രൂപ മതിപ്പ് വില വരുന്ന പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗ് തൈ ഉൾപ്പെടെ നൽകുന്നു. ഈ പദ്ധതിയുടെ ചെലവുതുകയായ 663500/- രൂപയും നൽകിയിരിക്കുന്നത് ആ സംഘത്തിനാണ്. ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണോ ഇപ്രകാരം വാങ്ങൽ നടത്തിയിരിക്കുന്നത് എന്ന വിവരം നേരിട്ട് വാങ്ങാവുന്ന അക്രഡിറ്റഡ് ഏജൻസി ആണെങ്കിൽ ആയതിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് എന്നിവ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം 24/16.11.18) മറുപടി ലഭ്യമാക്കിയില്ല. 2017-18 ലെ ഗുണഭോക്തൃവിഹിതം ചെലവഴിച്ചതായും കാണുന്നില്ല. തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്തതിനാൽ ചെലവു തുകയായ 663500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 പദ്ധതി ആസൂത്രണം -അവലോകനം

ജി.ഒ. ( എം.എസ് ) 10/2017/ത.സ്വ.ഭ.വ /09.01.2017 ഉത്തരവിലാണ് 2017-2022 പഞ്ചവത്സര പദ്ധതിക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർണ്ണായക ഘടകങ്ങളായ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ രൂപീകരണം മേൽ ഉത്തരവ് പ്രകാരമായിരുന്നു. പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തെ മേൽ ഘടകങ്ങളുടെ പ്രവർത്തനം പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ പഞ്ചായത്തിന്റെയും ആസൂത്രണ സമിതിയുടെയും വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെയും ശ്രദ്ധയിപ്പെടുത്തുന്നു.

പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ആസൂത്രണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണസമിതിയെ സഹായിക്കുക

എന്നിവയാണ് ആസൂത്രണ സമിതിയുടെ പ്രധാന ചുമതല. ഓഡിറ്റ് വർഷത്തിൽ ആസൂത്രണ സമിതി 2 തവണയാണ് (9-2-17,9-2-18)യോഗം ചേർന്നത്. ആദ്യത്തെ യോഗതീരുമാനങ്ങളൊ, ചർച്ചകൾ സംബന്ധിച്ച വിശദാംശങ്ങളൊ മിനിറ്റ്സിൽ ചേർത്തിട്ടില്ല. 9-2-18 ൽ നടത്തിയ രണ്ടാമത്തെ യോഗം 2018-19 ലെ പദ്ധതികളെ ക്കുറിച്ച് ചർച്ച ചെയ്യാൻ ആയിരുന്നു. അതിനാൽ തന്നെ തൻവർഷ പദ്ധതി രൂപീകരണത്തിലൊ, നിർവ്വഹണത്തിലൊ, ഏകോപനത്തിലൊ ആസൂത്രണസമിതിയുടെ പങ്കാളിത്തം കുറവായിരുന്നു. വർഷാവസാനത്തെ തിരക്ക് പിടിച്ച ചെലവ് ഒഴിവാക്കാൻ നിർവ്വഹണ കലണ്ടർ കാലേക്കൂട്ടി തയ്യാറാക്കണം എന്ന നിർദ്ദേശം നടപ്പിലായതായി കാണുന്നില്ല.പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ വേണ്ട ഇടപെടലുകൾ നടത്തിതായി കാണുന്നില്ല. വാർഡ് തല ജാഗ്രതാസമിതി, വാർഡ് വികസന സമിതി എന്നിവ കാര്യക്ഷമമാക്കൽ തുടങ്ങിയ വിഷയങ്ങളിലൊന്നും തന്നെ ആസൂത്രണ സമിതിയിൽ തീരുമാനങ്ങൾ എടുത്തിട്ടില്ല. മിനിറ്റ്സ്സ് ബുക്കിന്റെ പേജ് 2,3 ഒന്നും എഴുതാതെ ഒഴിച്ചിട്ടിരിക്കുന്നു. പദ്ധതി രൂപീകരണത്തിൽ ഗുണപരമായ യാതൊരു ഇടപെടലുകളും ആസൂത്രണസമിതി 2017-18ൽ നടത്തിയിട്ടില്ല. 13 ാം പഞ്ചവത്സര പദ്ധതിയുടെ വികസന രേഖ ആസൂത്രണ സമിതി അംഗങ്ങൾക്ക് നൽകിയിട്ടുണ്ടോ, സ്റ്റാറ്റസ് റിപ്പോർട്ട് പദ്ധതി രൂപീകരണത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല. സ്റ്റാറ്റസ് റിപ്പോർട്ട് പദ്ധതി രൂപീകരണത്തിന് കാര്യമായ പ്രയോജനം ചെയ്യുന്ന വിധത്തിലല്ല തയ്യാറാക്കിയിരിക്കുന്നത്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ സംഘടിപ്പിക്കുക, അധികവിഭവ സമാഹരണ സാദ്ധ്യത കണ്ടെത്തുക, വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയെ സഹായിക്കുക, സ്റ്റേക്ക് ഹോൾഡർമാർ, ബാങ്ക്, സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി കൂടിയാലോചന നടത്തുക, പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, എന്നിവരെയൊക്കെ കണ്ടെത്തുന്നതിന് സഹായിക്കുക എന്നീ പ്രവർത്തനങ്ങളൊന്നും ആസൂത്രണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടായതായി യാതൊരു രേഖയിലും കണ്ടില്ല. ആവണംകോട് കുണ്ടലി റോഡ് പരിസരവാസികളുടെ എതിർപ്പ് മൂലം അവസാനിപ്പിക്കേണ്ടി വന്നത് ആസൂത്രണസമിതിയുടെ ഭാഗത്ത് നിന്നുള്ള പാളിച്ചയാണ്. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് എന്ന നിലയിൽ നിരവധിയാളുകൾ നിത്യേന കടന്നുപോകുന്ന പഞ്ചായത്ത് പരിധിയിൽ മാലിന്യപ്രശ്നം രൂക്ഷമാണെങ്കിലും, പരിഹാരമായി സുസ്ഥിരമായ ഒരു പ്രോജക്ട് നടപ്പിലാക്കാൻ കഴിഞ്ഞില്ല. സ്വാശ്രയസംഘങ്ങൾ രൂപീകരിച്ച് തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കാനുള്ള ശ്രമങ്ങളും നടന്നില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ സൂചിപ്പിച്ച പ്രശ്നങ്ങൾ മനസ്സിലാക്കി പ്രൊജക്റ്റുകൾ തയ്യാറാക്കുക, പ്രൊജക്റ്റുകളുടെ നിർവഹണത്തിൽ വിവിധ മുൻഗണനകൾ പാലിക്കുക, നിർവഹണം വിലയിരുത്തി പോരായ്മകൾ പരിഹരിക്കുക, പദ്ധതി രൂപീകരണവേളയിൽ നവമാധ്യമങ്ങളുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുക, ഗ്രാമസഭ, വികസന സെമിനാർ എന്നിവക്ക് വേണ്ട അക്കാദമിക് സഹായം നൽകുക, ഓരോ പ്രൊജക്റ്റിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാദ്ധ്യത, വിജയസാദ്ധ്യത, എന്നിവ പരിശോധിക്കുക ഇവയെല്ലാമാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല. നിരവധി നൂതനവും, പ്രായോഗികവുമായ ആശയങ്ങൾ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ടുവെച്ചെങ്കിലും അവയിൽ എത്രമാത്രം പ്രാവർത്തികമായി എന്ന് പിന്നീട് വർക്കിംഗ് ഗ്രൂപ്പുകൾ വിലയിരുത്തിയില്ല. കൂടാതെ ഏറ്റവും സുപ്രധാന ഘടകമായ മോണിറ്ററിംഗ് ഒരൊറ്റ പ്രൊജക്റ്റിൽ പോലും നടത്തിയില്ല എന്ന് കാണുന്നു. പൊതുവെ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമായിരുന്നു എന്നിരുന്നാലും ദാരിദ്ര്യ ലഘൂകരണം, കൃഷി, പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ എന്നിവ ശരാശരിയിൽ താഴെയായിരുന്നു എന്നുതന്നെ പറയാം. വനിതാ പ്രസിഡന്റ് സാരഥ്യം വഹിക്കുന്ന

ഗ്രാമപഞ്ചായത്തിൽ വനിതാ വികസന വർക്കിംഗ് ഗ്രൂപ്പ് 4 തവണ യോഗം ചേർന്നിട്ടുണ്ട്. സ്ത്രീകളുടെയും, കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി പ്രദേശത്തെ സാമൂഹിക, സാമ്പത്തിക ചുറ്റുപാടുകൾ വിലയിരുത്തി നിരവധി സ്വപ്നപദ്ധതികൾ നിർദ്ദേശിച്ചെങ്കിലും, വളരെ ചെറിയൊരു ശതമാനം പദ്ധതികൾ മാത്രമാണ് നടപ്പിലാക്കാൻ കഴിഞ്ഞത്. വനിതാ സംരംഭങ്ങൾ (പ്ലാസ്റ്റിക്ക് ഷ്രെഡിങ് യൂണിറ്റ്, പേപ്പർ ക്യാരി ബാഗ് യൂണിറ്റ്, തുണിസഞ്ചി നിർമ്മാണം, സാനിറ്ററി നാപ്കിൻ യൂണിറ്റ്, എൽ.ഇ.ഡി ബൾബ് കഫേ കുടുംബശ്രീ തുടങ്ങിയവ)നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ജെന്റർ റിസോഴ്സ് സെന്റർ, പൊതുഇടങ്ങളിൽ സ്ത്രീ സൗഹൃദ ടോയ് ലറ്റ്, പഞ്ചായത്തിൽ സിഡിഎസ് ഹെല്പ് ഡെസ്ക് തുടങ്ങിയ നിർദ്ദേശങ്ങളും പരിഗണിച്ചിട്ടില്ല. ഓപ്പൺ എയർ തീയേറ്റർ, കുട്ടികൾക്കും, യുവജനങ്ങൾക്കും കളിസ്ഥലം, വയോജനങ്ങൾക്ക് ഒത്തുചേരാൻ ഒരു പൊതു ഇടം എന്ന ആവർത്തിച്ചുള്ള നിർദ്ദേശങ്ങളും (കലാ, സാംസ്കാരികം, സാമൂഹ്യക്ഷേമം) പ്രോജക്ടുകൾ ആയില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നത് വരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും ഫലപ്രദമായി നടത്തുന്നതിന് വേണ്ട മുന്നൊരുക്കവും ഇടപെടലുകളും നടത്തുക, തീരുമാനങ്ങൾ ഭരണസമിതിയെക്കൊണ്ട് വേഗത്തിൽ എടുപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക ,നിർദ്ദേശങ്ങൾ മറ്റു സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയ്ക്ക് സമയാസമയങ്ങളിൽ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയാണ് .ഈ രംഗത്ത് പ്രസ്തുത സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നില്ല. യോഗങ്ങൾ ചേർന്നുവെങ്കിലും നാമമാത്രമായ പങ്കാളിത്തം, സജീവമായ ഇടപെടലുകളുടെ അഭാവം എന്നിവ എടുത്തുപറയേണ്ടതാണ്. ഇന്ത്യയിലെ തന്നെ പ്രധാനപ്പെട്ട ഒരു അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്ന എന്നതിനാൽ തന്നെ സംസ്ഥാനത്തെ വികസനമാതൃകയാവേണ്ടതാണ് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്. എന്നാൽ വിമാനത്താവളത്തിന്റെ സാമീപ്യം പ്രയോജനപ്പെടുത്തുന്ന സംരംഭങ്ങളൊ, പദ്ധതികളൊ നടപ്പാക്കാൻ നാളിതുവരെ ശ്രമിച്ചിട്ടില്ല. പഞ്ചായത്തിലെ വാണിജ്യമേഖലയിൽ ഗുണപരമായ മാറ്റങ്ങൾ വരുത്താനും ഇതുമൂലം കഴിഞ്ഞിട്ടില്ല. എയർപോർട്ടിനകത്ത് ഒരു കുടുംബശ്രീ സംരംഭം പോലും ആരംഭിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ടെങ്കിലും, വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുക എന്നതിനപ്പുറം ക്രിയാത്മകമായ നിർദ്ദേശങ്ങളോ, തീരുമാനങ്ങളോ എടുത്തിട്ടില്ല. എയർപോർട്ടിനോടനുബന്ധമായി നിരവധി സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയിൽ നിന്നും തൊഴിൽനികുതി, ഡിആന്റ് ഒ ലൈസൻസ് എന്നിവ കൃത്യമായി പിരിച്ചെടുക്കാൻ കഴിയുന്നില്ല. വികസന കാര്യസ്റ്റാന്റിംഗ് കമ്മറ്റി, പദ്ധതി നിർവ്വഹണപുരോഗതി വിലയിരുത്തൽ ഓരോ യോഗത്തിലും നടത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി, ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആവിഷ്കരിക്കാനുതകുന്ന ചർച്ചകൾ ഉയർന്നുവരുന്നില്ല. വിവിധ ക്ഷേമപെൻഷൻ അപേക്ഷകൾ അംഗീകരിക്കുന്ന പ്രധാന അജണ്ടയിൽ നിന്നും വ്യത്യസ്തമായ ചർച്ചകളൊന്നും തന്നെ, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി നടത്തിയിട്ടില്ല. എന്നാൽ ആരോഗ്യ, വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മറ്റി ഈ മേഖലയുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ചർച്ചചെയ്ത് തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

16-5-17ൽ ചേർന്ന വികസന സെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും, ഗ്രാമ സഭ മെമ്പർമാരും, പൊതുജനങ്ങളും, ജനപ്രതിനിധികളും അടക്കം 288 പേരാണ് പങ്കെടുത്തതായി കാണുന്നത്. വികസന സെമിനാറിലെ പല നിർദ്ദേശങ്ങളും പരിഗണിച്ചോ ഇല്ലയോ എന്ന് മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വികസനസെമിനാറിൽ ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. 19വാർഡുകളിലെയും ഗ്രാമസഭകൾ നിരവധിയായ നിർദ്ദേശങ്ങൾ കൊണ്ട് സജീവമാണ്. 13ാം പഞ്ചവത്സരപദ്ധതിയോടനുബന്ധിച്ച്, നവകേരളാമിഷനായി ഗ്രാമസഭകൾ 2-4-17 നും 9-4-17 ഇടയിൽ വിളിച്ചുചേർക്കാൻ 28-3-17ലെ ത.സ്വ.ഭ.വ.സർക്കുലർ നം. 118/DA 3/2017 ൽ ഗ്രാമപഞ്ചായത്തുകളോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ

ഇതനുസരിച്ച്ഒരു ഗ്രാമസഭ വിളിച്ചുചേർക്കേണ്ടതില്ല എന്ന് 5-4-17 ൽ കമ്മറ്റി തീരുമാനം (1)എടുത്തിട്ടുണ്ട്.

.മേൽ ഘടകങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വേണ്ടനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഖണ്ഡികയിലെ പരാമർശങ്ങൾ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്കും, സ്റ്റാന്റിംഗ് കമ്മറ്റികൾക്കും രേഖാമൂലം നൽകാനും ആയതും അതാത് ഘടകങ്ങളുടെ മറുപടിയും അതാത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്താനും നിർദ്ദേശിക്കുന്നു.

.

## 3-15 ഗുണഭോക്തൃതെരെഞ്ഞെടുപ്പിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.

. ജി.ഒ ( പി ) 220/97/ ത.ഭ.വ 02.10.97 ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരമല്ല നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ പദ്ധതിക്കായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്.

. യാതൊരു പദ്ധതിക്കും വാർഡ് തലത്തിൽ ടാർജറ്റ് ഉണ്ടാക്കാൻ പാടില്ല എന്നും ഗ്രാമസഭ തയ്യാറാക്കുന്ന മുൻഗണന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ വേണം അർഹത കണക്കാക്കാൻ എന്നുമാണ് മാർഗ്ഗനിർദ്ദേശത്തിൽ ഉള്ളത്. എന്നാൽ നെടുമ്പാശ്ശേരി പഞ്ചായത്തിൽ മൊത്തം നൽകേണ്ട സഹായങ്ങൾ വാർഡ് അടിസ്ഥാനത്തിൽ തുല്യമായി വിഭജിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് ചില വാർഡുകളിൽ അർഹരായവർ നിലനിൽക്കേ, മറ്റു വാർഡുകളിലെ ക്ലേശഘടകങ്ങൾ താരതമ്യേന കുറഞ്ഞ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കാനിടവരുത്തുന്നു. പഞ്ചായത്തിലെ ഏറ്റവും അർഹതപ്പെട്ടവർക്കാണ് ആനുകൂല്യം ലഭിക്കുന്നതെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

.

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2017-18 | 74800 | തരിശ് നെൽകൃഷി വികസനം | 74800 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 2017-18 | 195381 | നെൽകൃഷി വികസനം | 195381 | 0 |
| 3 | ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | തേൻകുളം പുനരുദ്ധാരണം | 463137 | 36863 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | ക്ഷീരോൽപാദകർക്ക് സബ്സിഡി | 150000 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 184000 | സാന്ത്വന പരിചരണം | 169741 | 14259 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 50000 | പൊതു കിണർ ശുചീകരണം | 0 | 50000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | | 294015 | 0 | 294015 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 28/24.03.18 | 242395 | 0 | 331620 |
| | | 29/31.03.18 | 89225 | | |

. ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതിനു മുമ്പ് തന്നെ ആസ്തി ഇനത്തിൽ 410600102-street line extension ചെലവ് രേഖപ്പെടുത്തുന്നതായി കാണുന്നു. ഡെപ്പോസിറ്റ് വർക്കിന് തുക നൽകുമ്പോൾ 460500201-advance to implementing agencies-KWA, 460500202-advance to implementing agencies-KSEB തുടങ്ങിയ ശീർഷകങ്ങളിലാണ് അതാതിനമനുസരിച്ച് ചെലവുതുക രേഖപ്പെടുത്തേണ്ടത്. വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിനുശേഷം മാത്രം ആസ്തിയായി മാറ്റേണ്ടതാണ്. 2017-18 വാർഷിക കണക്കിലെ B18 ഷെഡ്യൂൾ പ്രകാരം 460500201-advance to implementing agencies-KWA എന്ന ഇനത്തിൽ 44,02,571 രൂപ നീക്കിയിരിപ്പുണ്ട്. കൂടാതെ 460500202-advance to implementing agencies-KSEB എന്ന ഇനത്തിൽ 2,78,940/- രൂപ നീക്കിയിരിപ്പുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തുക ക്രമീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

2017-18 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ലോൺ | സ.ഉ.(സാ)നം 480/2010 /തസ്വഭവ | 10095000 | 6600 | 0 | 0 | 6600 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | തീയതി 11.02.10 | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 50,00,000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ലഭിച്ചത്) | - |
| ആകെ | 50,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 50,00,000 |

തൻവർഷം പലിശ ഇനത്തിൽ 4,00,000/-രൂപ ലഭിച്ചെങ്കിലും അതുകൂടി ചേർത്ത് നിക്ഷേപമാക്കിയിട്ടില്ല. വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ജില്ലാ സഹകരണബാങ്ക് അത്താണി | 19.08.2017 | 1 വർഷം | 50,00,000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-14 | 2006-07 | 3.29, 4.23, 39.4.3 | ഡെപ്പോസിറ്റ് അടച്ചത് പൂർത്തീകരണം | പൂർത്തീകരണം ലഭിച്ചിട്ടുണ്ട് |
| 2011-12 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | - | 2011-12 | 3.1(1), 2 | കാർഷിക വിജ്ഞാന കേന്ദ്രം | ഖണ്ഡികയിൽ പരാമർശിക്കുന്ന ടച്ച് സ്ക്രീനും യോഗസ്ഥലവും ഉണ്ട് |
| 2013-14 പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | - | 2013-14 | 5.2.4.14 | സർക്കാർ വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് | പി.ടി.എ. യുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,50,50,324 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,64,72,217 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,800 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,01,173 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,70,042 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 3800 | | ടി.കെ സന്തോഷ്, സെക്രട്ടറി |
| 3-1 | | 61176 | ടി.കെ സന്തോഷ്, സെക്രട്ടറി |
| 3-2 | | 48600 | ടി.കെ സന്തോഷ്, സെക്രട്ടറി |
| 3-4 | | 27000 | ടി.കെ സന്തോഷ്, സെക്രട്ടറി |
| 3-6 | | 30297 | സീജ.കെ.കെ, അസി.എഞ്ചിനീയർ |
| 3-7 | | 34100 | സീജ.കെ.കെ, അസി.എഞ്ചിനീയർ |
| ആകെ | 3800 | 201173 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 731542 | ടി.കെ സന്തോഷ്, സെക്രട്ടറി |
| 3-12 | 75000 | കെ.ടി. സന്തോഷ്, അസി. സെക്രട്ടറി |
| 3-13 | 663500 | സിമി. എസ് കൃഷി ഓഫീസർ |
| ആകെ | 14,70,042 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ടി.കെ സന്തോഷ്, സെക്രട്ടറി | സെക്രട്ടറി, നെടുമ്പാശ്ശേരി പഞ്ചായത്ത് | തേറാമഠത്തിക്കുടി ഹൗസ്,മുടക്കുഴ പി.ഒ |
| സീജ.കെ.കെ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നെടുമ്പാശ്ശേരി പഞ്ചായത്ത് | പനഞ്ചിക്കൽ ഹൗസ്,കിടങ്ങൂർ പി.ഒ, അങ്കമാലി |
| കെ.ടി. സന്തോഷ്, അസി. സെക്രട്ടറി | സെക്രട്ടറി തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത് | കൊട്ടപറമ്പിൽ (ഹൌസ്) കടിങ്ങാമംഗലം തിരുവാങ്കുളം. പി.ഒ |
| സിമി എസ് കൃഷി ഓഫീസർ | കൃഷി ഓഫീസർ, നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത് | കമ്പനിമുക്ക്, ചെങ്ങ പി.ഒ, വെള്ളനാട്, തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ (പി3) 1504/99 / 19.07.2000 |
| 1997-98 | |
| 1998-99 | എൽ എഫ് ഇ (പി3) 1086/03 / 31.03.04 |
| 1999-2000 | എൽ എഫ് ഇ (പി3) 11091/04 / 04.07.05 |
| 2000-01 | എൽ എഫ് ഇ (പി3) 11091/04 / 04.07.05 |
| 2001-02 | എൽ എഫ് ഇ (പി3)11091/04 / 04.07.05 |
| 2002-03 | എൽ എഫ് ഇ (പി3) 747/05 / 15.06.06 |
| 2003-04 | എൽ എഫ് ഇ (പി3) 824/06 / 31.10.2007 |
| 2004-05 | എൽ എഫ് ഇ (പി3) 825/09 / 09.03.10 |
| 2005-06 | എൽ എഫ് ഇ (പി3) 826/09 / 09.03.2010 |
| 2006-07 | എൽ എഫ് ഇ (പി3) 827/09 / 09.03.2010 |
| 2007-08 | എൽ എഫ് ഇ (പി3) 214/11 / 13.12.11 |
| 2008-09 | എൽ എഫ് ഇ (പി3) 215/11 / 13.12.11 |
| 2009-10 | എൽ എഫ് ഇ (പി3) 216/11 / 13.12.11 |
| 2010-11 | എൽ എഫ് ഇ (പി3) 2101/11 / 05.01.2011 |
| 2011-12 | എൽ എഫ് ഇ (പി3) 29/13 / 03.02.2014 |
| 2012-13 | എൽ എഫ് ഇ (പി11)540/15 / 10.04.2015 |
| 2013-14 2014-15 | കെ.എസ്.എ.ഇ.കെ.എം (പി11)1785/15/ 24.11.2015 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം (പി11)1907/16 /30.11.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം (പി11)1965/17 /12.10.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട് ചെലവുകൾ എല്ലാം തന്നെ വൌച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തു നികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡിസിബി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

2. തനതു ഫണ്ട് അക്കൌണ്ടിലെ (അക്കൌണ്ട് നം. 04228100000005 EDCB അത്താണി) 31.03.2018 പ്രകാരമുള്ള പണമാക്കാത്ത ചെക്കുകളിൽ മൂന്നുമാസത്തിലധികമായി എൻക്യാഷ് ചെയ്യാത്ത ചെക്കുകൾ ‘liability in respect of stale cheques’ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൌണ്ട് ചെയ്ത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ